# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി12-1763/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി12-1763/2023 തീയ്യതി: 13/12/2023

## കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി. സി. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ. ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സ്മിത. ജി. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സജിമോൾ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജ്യോതിലക്ഷ്മി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ആനി മാമ്മൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| അരുൺകുമാർ. എൻ | സെക്രട്ടറി | 01-04-2022 | 09-05-2022 |
| പ്രദീപ്. പി. ജി | സെക്രട്ടറി | 10-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനി സൂസൻ ഡാനിയേൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| സ്നേഹ വിശ്വനാഥൻ. സി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 29-04-2022 |
| ബിന്ദു. എം. പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 11-11-2022 |
| ആതിര. എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 12-01-2023 |
| വീണ. എം. നായർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 12-10-2022 | 31-03-2023 |
| സന്ധമ കുമാരി. ടി. എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 28-02-2023 | 31-03-2023 |
| സൗമ്യ റോസിലിൻ ജോളി | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 01-04-2022 | 24-01-2023 |
| ആഷ രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 25-01-2023 | 31-03-2023 |
| ഡോ. അനുഷ്. എസ് | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2022 | 31-03-2023 |
| ഡോ. ഗീത മാത്യൂ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 07-06-2022 |
| ഡോ. ജോബി. ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-06-2022 | 31-03-2023 |
| ഡോ. ഡോൺ എബ്രഹാം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| പ്രീതി. സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ബിന്ദു മോൾ. പി. എസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. ജിഷ. കെ. ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2022 | 02-03-2023 |
| ഡോ. ജയന്ത് ഗോവിന്ദൻ | വെറ്ററിനറി സർജൻ | 03-03-2023 | 31-03-2023 |
| അനീഷ് | ഡയറി ഫാം ഇൻസ്റ്റക്ടർ | 01-04-2022 | 31-03-2023 |
| അനിഷ. ആർ. ബാബു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ഗീതു ആനന്ദ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ (അഡീഷണൽ ചാർജ്ജ്) | 04-01-2023 | 12-01-2023 |
| ലയ. എച്ച് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ശിൽപ ബാലചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ബിന്ദുമോൻ. വി. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | Capital Work In Progress തുക കൃത്യമല്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | ബെനഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-8 |
| 10 | റിഡംഷൻ തുക തിരികെ ലഭിച്ചത് വരവായി അക്കൗണ്ട് ചെയ്തില്ല | 1-1-9 |
| 11 | ലോൺ രജിസ്റ്റർ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | Liability In Respect Of Stale Cheque ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-12 |
| 14 | ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ "ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്" ആയി ചേർത്ത തുകകളുടെ കൃത്യത വ്യക്തമല്ല | 1-1-13 |
| 15 | സി.എഫ്.സി- ബേസിക് ടാക്സ് ഗ്രാന്റ്, സി.എഫ്.സി- ബേസിക് ടൈഡ് ഫണ്ട് എന്നിവ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | പെൻഷൻ കണക്കുകൾ വാർഷികകണക്കിലുൾപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | പ്രയർ പീരീഡ് എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-16 |
| 18 | വരവുകളുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില | 1-1-18 |
| 20 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ വന്നത് ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-19 |
| 21 | ഹെൽത്ത് ഗ്രാന്റ്- പൊരുത്തപ്പെടുത്തൽ പത്രിക കൃത്യമല്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |

| | | |
|---|---|---|
| 25 | വാർഷികപദ്ധതി അവലോകനം | 1-5 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 29 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | രസീത് ബുക്കുകളുടെ പരിപാലനം ക്രമപ്രകാരമല്ല | 1-11 |
| 32 | ബാങ്ക് റെക്കൻസിലിയേഷൻ - രേഖപ്പെടുത്തൽ വരുത്തിയ തുകകളിൽ വ്യക്തതയില്ല | 1-12 |
| 33 | ഗ്രാമപഞ്ചായത്ത് ആസ്തിയിലെ കൈയ്യേറ്റം- ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. | 1-13 |
| 34 | സ്വകാര്യ ഹോസ്റ്റൽ - ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ചിട്ടില്ല. | 1-14 |
| 35 | അൺ എയ്ഡഡ് കോളേജ്- വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. | 1-15 |
| 36 | വസ്തു നികുതി- വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-16 |
| 37 | മൊബൈൽ ടവറിന്റെ വസ്തു നികുതി സഞ്ചയയിൽ വരവ് വെച്ചിട്ടില്ല | 1-17 |
| 38 | പൂവന്തുരുത്ത് വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങളുടെ വസ്തുനികുതിയും,തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-18 |
| 39 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-19 |
| 40 | വാടക കുടിശ്ശിക ഈടാക്കിയില്ല | 1-20 |
| 41 | FACTEOS ലൈസൻസ് - മോട്ടോർ ഫീ ഈടാക്കിയില്ല | 1-21 |
| 42 | കെട്ടിടനിർമ്മാണപെർമിറ്റ്- രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല | 1-22 |
| 43 | മൊബൈൽ ടവർ നിർമ്മാണം-പെർമിറ്റ് കാലാവധിക്കുശേഷവും നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല | 1-23 |
| 44 | ഇ ടെൻഡർഫീസിനത്തിലുള്ള തുക തനതുഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. | 1-24 |
| 45 | അധിക വിഭവ സമാഹരണം-അവലോകനം | 1-25 |
| 46 | സർക്കാരിലേയ്ക്ക് ഒടുക്കാനുള്ള തുകകൾ യഥാസമയം ഒടുക്കിയിട്ടില്ല | 1-26 |
| 47 | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-27 |
| 48 | മുൻകൂറിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-28 |
| 49 | ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി - ശമ്പളമിനത്തിൽ തനതുഫണ്ടിൽനിന്നും നൽകിയ തുക അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല | 1-29 |
| 50 | RGSA കെട്ടിടനിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കേന്ദ്രഫണ്ട് നഷ്ടമായി | 1-30 |

| | | |
|---|---|---|
| 51 | പഞ്ചായത്ത് ഓഫീസിൽ സോളാർപാനൽ സ്ഥാപിക്കൽ- മുന്നൊരുക്കങ്ങൾക്ക് തുക ചെലവഴിച്ചു- പ്ലാന്റ് സ്ഥാപിച്ചില്ല | 1-31 |
| 52 | യുപിഎസ് ബാറ്ററി വാങ്ങൽ-ബൈബാക്ക് സംവിധാനം വിനിയോഗിച്ചില്ല- ഗ്രാമപഞ്ചായത്തിന് നഷ്ടം 28500/-രൂപ | 1-32 |
| 53 | മാലിന്യനിർമ്മാർജ്ജനം ബോധവൽക്കരണം -ഡോക്യുമെന്ററി നിർമ്മാണം- പ്രൊജക്റ്റ് നിർവ്വഹണത്തിന് സർക്കാർ അനുമതി വാങ്ങിയില്ല | 1-33 |
| 54 | വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരം ലഭ്യമായില്ല | 1-34 |
| 55 | അനുവദനീയമല്ലാത്ത ശമ്പള പരിഷ്കരണ കുടിശ്ശിക നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്. | 1-35 |
| 56 | പൊതു ടാപ്പുകളുടെ വെള്ളക്കരം - തനത് ഫണ്ട് പാഴാകുന്നു. | 1-36 |
| 57 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തത് തനത് ഫണ്ടിന് ബാധ്യത. | 1-37 |
| 58 | സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ചെലവഴിച്ചിട്ടില്ല | 1-38 |
| 59 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ 892293/-രൂപ അവശേഷിക്കുന്നു | 1-39 |
| 60 | ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് | 1-40 |
| 61 | വർക്ക്ബില്ലുകളിൽ നിന്നും കിഴിവുചെയ്യുന്ന റിടെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നില്ല | 1-41 |
| 62 | നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-42 |
| 63 | എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 1-43 |
| 64 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തിയാകുവാൻ അവശേഷിക്കുന്നു. | 1-44 |
| 65 | ആശ്രയ പദ്ധതി - തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-45 |
| 66 | ഭിന്നശേഷി സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി | 1-46 |
| 67 | ലൈഫ് ഭവന പദ്ധതി ഫേസ് II - റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല | 1-47 |
| 68 | ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-48 |
| 69 | ലൈഫ് ഭവന പദ്ധതി - വായ്പ തുക ചെലവഴിച്ചില്ല | 1-49 |
| 70 | ലൈഫ് (ജനറൽ) ഭവന പദ്ധതി - ചെലവ് രേഖകളിൽ അവ്യക്തത | 1-50 |
| 71 | ലൈഫ് ഭവന പദ്ധതി - അടങ്കൽ /ചെലവ് തുകകളുടെ വിഹിതത്തിലുള്ള അനുപാതം പാലിയ്ക്കപ്പെടുന്നതിൽ വ്യക്തതയില്ല | 1-51 |
| 72 | ചെലവ് തുകകളിൽ നിലനിൽക്കുന്ന വ്യത്യാസം വിശദീകരിയ്ക്കപ്പെട്ടില്ല | 1-52 |
| 73 | മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ അപാകതകൾ | 1-53 |

| | | |
|---|---|---|
| 74 | ക്യാൻ കോട്ടയം സമഗ്ര ക്യാൻസർ നിയന്ത്രണപരിപാടി-മെഡിക്കൽ ഉപകരണങ്ങൾ -വാങ്ങൽ നടപടികളിൽ അപാകത | 1-54 |
| 75 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന്പൂർണ്ണമായും ലഭിച്ചില്ല. | 1-55 |
| 76 | ബയോഫ്ലോക്ക് മത്സ്യ കൃഷി-മേൽക്കൂര നിർമ്മാണത്തിന് സബ്സിഡി അധികമായി നൽകി | 1-56 |
| 77 | ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയില്ല | 1-57 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | യുപിഎസ് ബാറ്ററി വാങ്ങൽ-ബൈബാക്ക് സംവിധാനം വിനിയോഗിച്ചില്ല-ഗ്രാമപഞ്ചായത്തിന് നഷ്ടം 28500/-രൂപ | 3-1 |
| 2 | എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് -അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-2 |
| 3 | ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.07.23 തീയതിയിലെ 2 തീരുമാനം പ്രകാരം അംഗീകരിച്ച് 29.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-4 റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് സമർപ്പിച്ചിട്ടില്ല.

1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 2.83 കോടി രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1-1-7 Capital Work In Progress തുക കൃത്യമല്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

തൻ വർഷം പാർട്ട് ബിൽ മാത്രം നൽകിയ പ്രോജക്ടുകളുടെ ചെലവ് 412010101-Capital Work In Progress എന്ന ശീർഷകത്തിൽ ക്രമീകരിച്ച് കൃത്യമായി അക്കൗണ്ട് ചെയ്തില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-1-8 ബെനഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ബി-4 ഷെഡ്യൂളിലെ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ (344364 രൂപ ) വിശദാംശങ്ങൾ ലഭ്യമല്ല.

1-1-9 റിഡംഷൻ തുക തിരികെ ലഭിച്ചത് വരവായി അക്കൗണ്ട് ചെയ്തില്ല

18213935/ രൂപ റിഡംഷൻ തൻവർഷം തിരികെ ലഭിച്ചത് വരവായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയ തുക കൃത്യമല്ല.

1-1-10 ലോൺ രജിസ്റ്റർ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

KURDFCരജിസ്റ്റർ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-1-11 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മുന്നിരിപ്പ, നീക്കിയിരിപ്പ് വരവ് ചെലവ് കണക്കുകൾ എന്നിവ ക്യാഷ് ബുക്കുമായിപൊരുത്തപ്പെടുന്നില്ല.

1-1-12 Liability In Respect Of Stale Cheque ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല

ബാലൻസ് ഷീറ്റ് 350800101ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 87910രൂപയുടെ കൃത്യത വ്യക്തമല്ല.NREGS അക്കൗണ്ടിൽ നിന്ന് 17.08.2021 നൽകിയ പണമാകാത്ത 730 രൂപയുടെ ചെക്ക് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

1-1-13 ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ "ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക്" ആയി ചേർത്ത തുകകളുടെ കൃത്യത വ്യക്തമല്ല

ഗ്രാമ പഞ്ചായത്തിന്റെ പേരിൽ കാനറ ബാങ്ക് പരുത്തുംപാറ ശാഖയിൽ നിലനിൽക്കുന്ന 4216101004691 നം. തനത് ഫണ്ട് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ റെക്കൻസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ, 'Directly Debited By Bank' എന്ന രേഖപ്പെടുത്തലുള്ള 09.10.2017 തീയതിയിലെ 2211/- രൂപ, 31.03.2023 തീയതിയിലെ 308/- രൂപ, (Instrument No. 198356) എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല

1-1-14 സി.എഫ്.സി- ബേസിക് ടാക്സ് ഗ്രാന്റ്, സി.എഫ്.സി- ബേസിക് ടൈഡ് ഫണ്ട് എന്നിവ എ സി ആറുമായി പൊരുത്തപ്പെടുന്നില്ല.

സി.എഫ്.സി- ബേസിക് ടാക്സ് ഗ്രാന്റ്, സി.എഫ്.സി- ബേസിക് ടൈഡ് ഫണ്ട് എന്നീ ശീർഷകങ്ങളിലെ വരവ് എ സി ആറുമായി പൊരുത്തപ്പെടുന്നില്ല.

1-1-15 പെൻഷൻ കണക്കുകൾ വാർഷികകണക്കിലുൾപ്പെടുത്തിയിട്ടില്ല

വിവിധ സാമൂഹ്യക്ഷേമപെൻഷൻ തുകകൾ വിതരണം ചെയ്തത് ജേണൽ വൗച്ചർ മുഖേന വാർഷികകണക്കിലുൾപ്പെടുത്തിയിട്ടില്ല

1-1-16 പ്രയർ പീരീഡ് എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 1-18 ഷെഡ്യൂളിൽ പ്രയർ പീരീഡ് എക്സ്പെൻസ് ആയി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

1-1-17 വരവുകളുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല

അക്രുവൽ വരവുകളായ വസ്തുനികുതി,കെട്ടിട വാടക, തൊഴിൽ നികുതി(സ്ഥാപനം, ട്രേഡർ, ലൈസൻസ്) എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-18 അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില

വാർഷിക കണക്കുകളുടെ ആധികാരികത വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ (Deposit Register, Advance Register, Special Grants Appropriaton Control Register,) കൃത്യമായി തയ്യാറാക്കി സാമ്പത്തിക വർഷത്തെ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-19 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ വന്നത് ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ വന്നത് 16000രൂപ 320700403 സംയുക്ത പ്രോജക്ടിന് വില്ലേജ് പഞ്ചായത്തിൽ നിന്ന് വിഹിതം എന്ന ശീർഷകത്തിൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

1-1-20 ഹെൽത്ത് ഗ്രാന്റ്- പൊരുത്തപ്പെടുത്തൽ പത്രിക കൃത്യമല്ല

ഹെൽത്ത് ഗ്രാന്റ് (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ) കാനറ ബാങ്ക് അക്കൗണ്ടിൽ 31.03.2023 ൽ 7443/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ടി അക്കൗണ്ടിന്റെ 31.03.2023 ലെ പൊരുത്തപ്പെടുത്തൽ പത്രികയിലെ എല്ലാ

തുകകളും പൂജ്യമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 26.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 15.03.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും യഥാർത്ഥ വരവ് – ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,91,67,660/- | 3,99,46,667/- |
| വരവ് | 39,39,34,500/- | 39,39,34,500/- |
| ആകെ | 42,31,02,160/- | 43,38,81,167/- |
| ചെലവ് | 40,05,12,600/- | 40,05,12,600/- |
| നീക്കിയിരിപ്പ് | 2,25,89,560/- | 3,33,68,567/- |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 40585890 |
| ഓഡിറ്റ് വർഷത്തെ വരവ് | 80848268 |
| ആകെ | 121434158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75660128 |
| നീക്കിയിരിപ്പ് | 45774030 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 103455980 |
| ആകെ ചെലവ് | 81102753 |
| വരുമാനമിച്ചം | 22353227 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 1589768 |
| അറ്റ പ്രവർത്തനമിച്ചം | 23942995 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 157565 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3169907 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വരവ് | | | ലാപ്സായ തുക |
| വികസന ഫണ്ട്-ജനറൽ | 0 | 28363000 | 28363000 | 24827564 | 3535436 |
| വികസന ഫണ്ട്-SCP | 0 | 6667000 | 6667000 | 6030693 | 636307 |
| വികസന ഫണ്ട്- TSP | 0 | 395000 | 395000 | 355849 | 39151 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 34966 | 5165899* | 5200865 | 3460566 | 1740299 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 9024664 | 12525379 | 21550043 | 5461895 | 16088148 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 9544000 | 9544000 | 928065 | 8615935 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 9415000 | 9415000 | 3654150 | 5760850 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി (TSC) | 199950 | 0 | 199950 | 0 | 19950 |
| ICDS ഫണ്ട് | 2664388 | 1772824 | 4437212 | 379151 | 4058061 |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 435435- രൂപ ഉൾപ്പെടെ

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി , റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 3582205 രൂപ, 626693 രൂപ, 41849 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.
2.വികസഫണ്ട് പൊതുവിഭാഗം, എസ് സി പി ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിലെ എ സി ആർ പ്രകാരമുള്ള ആകെ ചെലവ് സുലേഖ / ഗ്രാന്റ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ സി ആർ പ്രകാരമുള്ള ചെലവ് | സുലേഖ പത്രിക പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 25821863# | 24827564 | 994299 |
| വികസനഫണ്ട് എസ് സി പി | 6143107# | 6030693 | 112414 |

| | | | |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9829050 | 8922461 | 906589 |

# സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ

വ്യത്യാസത്തിനു കാരണം വിശദീകരിച്ചിട്ടില്ല

3.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
4.എ സി ആർ, പ്രകാരമുള്ള വികസനഫണ്ട് പൊതുവിഭാഗം, എസ് സി പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
5.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം കാണിക്കുന്ന എ സി ആർ കൃത്യമായി തയ്യാറായി സൂക്ഷിക്കാഞ്ഞതിനാൽ ടി ഫണ്ടുകളുടെ വിനിമയത്തിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും ഖണ്ഡിക 1-1-1 മുതൽ പരാമർശിക്കുന്ന അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 24-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1).-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 74 സ്പിൽഓവർ പ്രോജക്ടുകളും 177 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 251 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 19,72,22,337/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 31-12-2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 22-05-2022 |
| ഗ്രാമസഭ | 27-05-2022 മുതൽ 29-5-22 |
| വികസനസെമിനാർ | 13-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 24-02-2023 |

### പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 251 പ്രോജക്ടുകളിൽ 119 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 5,66,02,328/- രൂപയാണ്. ചെലവ് 29%. അംഗൻവാടി, എംസിഎഫ് എന്നിവയ്ക്ക് സ്ഥലം വാങ്ങലിന് വിവിധ പ്രൊജക്റ്റുകൾ തയ്യാറാക്കിയിരുന്നെങ്കിലും നടപ്പാക്കിയിരുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്ന പ്രൊജക്റ്റുകളിൽ സുലേഖ പത്രികയിൽ ചെലവ് രേഖപ്പെടുത്താതിരുന്നതും ആകെ ചെലവിൽ

കുറവ് വരുത്തി.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണച്ചുമതല 14 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | നടപ്പാലാക്കിയത് | വകയിരുത്തിയ തുക | ചെലവ് തുക | ചെലവു % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 68,81,500/- | 33,89,500/- | 49.25 |
| 2 | വെറ്ററിനറി സർജൻ | 6 | 5 | 36,47,900/- | 15,46,200/- | 42.38 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 7 | 7 | 24,08,698/- | 18,38,339/- | 76.32 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 150,000/- | 150,000/- | 100 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 3,00,452/- | 3,00,452/- | 100 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 5 | 3 | 15,27,007/- | 2,20,962/- | 14.47 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 8 | 6 | 2,81,47,030/- | 77,00,946/- | 27.35 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 99,19,400/- | 69,66,311/- | 70.23 |
| 9 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 55 | 35 | 2,44,12,358/- | 1,26,81,439/- | 51.95 |
| 10 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 118 | 26 | 5,11,44,947/- | 93,75,289/- | 18.33 |
| 11 | ഹെഡ്മാസ്റ്റർ | 4 | 3 | 10,40,710/- | 4,96,665/- | 47.72 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 13,00,000/- | 13,00,000/- | 100 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 8 | 33,30,000/- | 24,12,040/- | 72.43 |
| 14 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 23 | 14 | 6,30,12,335/- | 82,24,185/- | 13.05 |
| | ആകെ | 251 | 119 | 19,72,22,337 | 5,66,02,328/- | 29 |

വാർഷികപദ്ധതി വിലയിരുത്തൽ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് 13.05%, 27.35% വീതം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ലോൺ ,സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ചെലവഴിച്ചിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ 118 പ്രൊജക്ടുകളിൽ 26 എണ്ണം മാത്രമേ തൻവർഷം നടപ്പാക്കിയുള്ളൂ. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ 50%ൽ താഴെ തുക മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. മേൽപറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി.

സഞ്ചിതനിധിയിലേയ്ക്ക് 1.85 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം

സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 3535436 |
| വികസന ഫണ്ട്-SCP | 636307 |
| വികസന ഫണ്ട്- TSP | 39151 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 8615935 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5760850 |
| ആകെ | 1,85,87,679 |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്കുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനം ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്കുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 188 പ്രോജക്കുകളിൽ 163 എണ്ണവും തൻവർഷം നടപ്പിലാക്കി. 53932 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 961 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, തോട് ആഴം കൂട്ടി പുനരുദ്ധാരണം, വൃക്ഷത്തൈ നടീൽ, എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 311841.64 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 18289024.05 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 600907 |
| ആകെ | | 19201772.69 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 16854975 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 730185.05 |
| | സാധന വില,വാടക,ബാങ്ക് ചാർജ് | 703864 |
| | ഭരണ ചെലവുകൾ | 0 |
| ആകെ ചെലവ് | | 18289024.05 |
| | നീക്കിയിരിപ്പ് | 912748.64 |

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 44808400 | 4445 |
| കർഷക തൊഴിലാളി പെൻഷൻ | 9757000 | 911 |
| വിധവ പെൻഷൻ | 14475800 | 1366 |

| | | |
|---|---|---|
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 556200 | 55 |
| വികലാംഗ പെൻഷൻ | 4519800 | 432 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 06.10.2023 -ന് 03.25 PM -ന് അകൗണ്ടൻറ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 44,386/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ പാളിച്ചകളുണ്ടായിരുന്നതായാണ് ഓഡിറ്റ് പരിശോധനകളിൽ വ്യക്തമായത്. ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഓരോജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായില്ല. കെട്ടിടനിർമ്മാണപെർമിറ്റ്, വസ്തുനികുതി അസസ്മെന്റ് എന്നിവ തീർപ്പാക്കുന്നതിൽ വന്ന അകാരണമായ കാലതാമസം ന്യായീകരിക്കാവുന്നതല്ല. എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ ജീവനക്കാരുടെ അപര്യാപ്തത, നഗരസ്വഭാവമുള്ള 23വാർഡുകളുള്ള സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചതിലെ പിശകുകൾ എന്നിവയും ഒരു പരിധിവരെ ഫയലുകൾ കുടിശ്ശികയാകുന്നതിനിടയാക്കി.

വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. എങ്കിലും വരവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടില്ല. കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ട്. വസ്തുനികുതി പിരിഞ്ഞുകിട്ടാനുള്ളത് 22 ലക്ഷത്തിലധികമാണ് എന്നത് നികുതിപിരിവിലെ കാര്യക്ഷമതയില്ലായ്മയെയാണ് വ്യക്തമാക്കുന്നത്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. . ഭൂമി ഉൾപ്പെടെ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിലും അക്കൗണ്ട് ചെയ്യുന്നതിലും വീഴ്ചകളുണ്ടായി. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു . അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത

വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കുന്നില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ പ്രധാനപ്പെട്ട അപാകതയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും വർക്കിംഗ് ഗ്രൂപ്പ് ഉത്തരവാദിത്തങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധപുലർത്തിയില്ല. വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2022 – 14.06.2022 | 07/2021 മുതൽ 03/2022 വരെ | 21.07.2022<br><br>No. ADP/KTM /413/2022/PA2 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.2017 | 2012-13 മുതൽ 2016-17 വരെ | എൽബിഎ (എച്ച് ക്യൂ) II/I/8എ-2660/ 13.09.17 |

## 1-11 രസീത് ബുക്കുകളുടെ പരിപാലനം ക്രമപ്രകാരമല്ല

രസീത് ബുക്കുകൾ മുൻകൂർ അനുവദിച്ചു നൽകുകയും, അവ ഉപയോഗിക്കാതെ തിരികെ സ്റ്റോക്കിൽ ചേർക്കുകയും ചെയ്യുന്ന രീതി തുടരുന്നതായാണ് രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ വ്യക്തമാകുന്നത്. 31.10.2022-ൽ, ശ്രീമതി. അശ്വതി, ക്ലർക്ക്, ശ്രീമതി. ആശ. കെ. പി, ക്ലർക്ക് എന്നിവർക്ക് അനുവദിച്ചു നൽകിയ യഥാക്രമം 9303, 9304 നം. രസീത് ബുക്കുകൾ ഉപയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു. 28.03.2023-ൽ ശ്രീമതി. ദീപ. വി. സുകുമാരൻ, ഫിഷറീസ് പ്രമോട്ടർക്ക് നൽകിയ 9313 നം. രസീത് ബുക്ക്, 'ഒരു ലീഫ് പോലും ഉപയോഗിച്ചിട്ടില്ലെന്ന' കുറിപ്പോടുകൂടി തിരികെ സ്റ്റോക്കിലെടുക്കുകയും, 11.09.2023 -ൽ വീണ്ടും ഇഷ്യൂ ചെയ്തിരിക്കുന്നതായും വ്യക്തമാകുന്നു. 04.03.2023- ൽ കൃഷി ഓഫീസിലെ ശ്രീമതി. ശിൽപ ബാലചന്ദ്രന് അനുവദിച്ചു നൽകിയ 9311, 9312 നം. രസീത് ബുക്കുകൾ, 'ഒരു ലീഫ് പോലും ഉപയോഗിച്ചിട്ടില്ലെന്ന' കുറിപ്പോടുകൂടി തിരികെ സ്റ്റോക്കിലെടുക്കുകയും ചെയ്തിരിക്കുന്നു. 20.09.2022-ൽ, 13821 നം. രസീത് ബുക്ക് VEO ആതിരയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ, ടി രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിയ്ക്കാതെ (1 മുതൽ 10 നം. ലീഫുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്), 27.02.2023 -ൽ 9308 നം. രസീത് ബുക്ക് VEO വീണ. എം. നായർക്ക് അനുവദിച്ചു നൽകി. ശ്രീ. നാസർ. എ, ക്ലർക്കിന് 14.09.2022-ൽ അനുവദിച്ചു നൽകിയ 13820 നം. രസീത് ബുക്കിന്റെ ലീഫ് നം. 1 മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇപ്രകാരം രസീത് ബുക്കുകൾ മുൻകൂർ ഇഷ്യൂ ചെയ്യുകയും, അവ തിരികെ വീണ്ടും സ്റ്റോക്കിലെടുക്കുകയും ചെയ്യുന്ന രീതി ക്രമക്കേടുകൾക്കിടയാക്കുമെന്നും ഈ രീതി തുടരാനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/11.10.2023), ILGMS വെബ്പോർട്ടൽ മുഖേന ടാക്സ് കളക്ഷൻ ക്യാമ്പ് നടത്തുന്നുവെങ്കിലും, സോഫ്റ്റ് വേർ തകരാറുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ, ടാക്സ് കളക്ഷന് തടസ്സമുണ്ടാകാതിരിക്കുന്നതിനു വേണ്ടിയായിരുന്നുവെന്നും, ഉദ്യോഗസ്ഥർ ഓഫീസിൽ നിന്നും സ്ഥലം മാറിപോകുന്ന സാഹചര്യം

നിലനിന്നിരുന്നതിനാലാണെന്നും ഉൾപ്പെടെയുള്ള സാങ്കേതികമായ മറുപടിയാണ് ലഭ്യമായിട്ടുള്ളത്. പഞ്ചായത്തിലെ തനത് വരവിന്റെ അടിസ്ഥാന രേഖകളിലൊന്നായ രസീതുബുക്കുകളുടെ പരിപാലനവും സൂക്ഷിപ്പും കുറ്റമറ്റതാക്കുന്നതിന് ഉത്തരവാദപ്പെട്ട സെക്ഷനും അക്കൗണ്ടന്റും സെക്രട്ടറിയും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ, രസീത് ബുക്കുകളുടെ പരിപാലനത്തിൽ അപാകതയുണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ബാങ്ക് റെക്കൻസിലിയേഷൻ - രേഖപ്പെടുത്തൽ വരുത്തിയ തുകകളിൽ വ്യക്തതയില്ല

1) ഗ്രാമ പഞ്ചായത്തിന്റെ പേരിൽ കാനറ ബാങ്ക് പരുത്തുംപാറ ശാഖയിൽ നിലനിൽക്കുന്ന 4216101004691 നം. തനത് ഫണ്ട് അകൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ റെക്കൻസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ, 'Directly Debited By Bank' എന്ന രേഖപ്പെടുത്തലുള്ള 09.10.2017 തീയതിയിലെ 2211/- രൂപ, 31.03.2023 തീയതിയിലെ 308/- രൂപ, (Instrument No. 198356) എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/11.10.2023) ലഭ്യമായ മറുപടിയിൽ വ്യക്തതയില്ല. മറുപടിയിലെ പരാമർശങ്ങൾക്ക് അനുബന്ധമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച്, ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ വിശദമായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിന്റെ പേരിൽ കാനറ ബാങ്ക് പരുത്തുംപാറ ശാഖയിൽ നിലനിൽക്കുന്ന 110042096071 നം. ഹെൽത്ത് ഗ്രാന്റ് അകൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 31.03.2023 തീയതിയിലെ ബാലൻസ് 7443/- രൂപയാണ്. എന്നാൽ, അകൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ റെക്കൻസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ, ടി ബാലൻസ് തുകയുടെ രേഖപ്പെടുത്തൽ ഉള്ളതായി വ്യക്തമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/11.10.2023), IKM ന്റെ സാങ്കേതിക തകരാർ മൂലമാണ് ടി അപാകത സംഭവിച്ചിട്ടുള്ളതെന്നും, IKM ൽ നിന്നുള്ള മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്ത് ആസ്തിയിലെ കൈയ്യേറ്റം- ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

പഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ ക്രമനമ്പർ 408 ആയുള്ള റീത്ത്പള്ളി റോഡിന് 100m നീളവും 3m വീതിയും ഉള്ളതായിരുന്നു. പ്രസ്തുത റോഡ് തങ്കമ്മ രാജു , പ്ലാപ്പറമ്പിൽ എന്നയാൾ കൈയ്യേറി ഷെഡ് നിർമ്മിച്ചതിനെ തുടർന്ന് സമീപവാസിയായ അജീഷ് ഹൈക്കോടതിയിൽ കേസ് ഫയൽചെയ്യുകയും അനധികൃത നിർമ്മാണം പൊളിച്ചു നീക്കാൻ ഹൈക്കോടതി ഉത്തരവാകുകയും ചെയ്തിരുന്നു. ഹൈക്കോടതിയിലെ WP(C)181270/2022 കേസിലെ വിധിയെതുടർന്ന് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡ് കൈയ്യേറി അനധികൃതമായ നിർമ്മാണം നടത്തിയ ഷെഡ് ഭാഗം 1.2 മീറ്റർ(0.0013Ha) പൊളിച്ചു നീക്കാനും ക്രമവൽക്കരണ അപേക്ഷ നൽകാനും നിർദ്ദേശിച്ച് 20.09.2022 ൽ സെക്രട്ടറി ഉത്തരവ് ഇറക്കിയിരുന്നു. 7 ദിവസത്തിനകം അനധികൃത ഭാഗം പൊളിക്കാൻ 14.11.2022 ന് നോട്ടീസ് നൽകുകയും ഉണ്ടായി. പഞ്ചായത്തിന്റെ ആസ്തി കൈയ്യേറിയ നടപടിയിൽ ആസ്തി തിരിച്ചു പിടിക്കുക എന്നത് സെക്രട്ടറിയുടേയും ഭരണ സമിതിയുടേയും ഉത്തരവാദിത്വം ആണെന്നും ഇതിന് എതിരുനിൽക്കുന്നത് നിയമപരമല്ല എന്നും സെക്രട്ടറി പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 14-12-22 ലെ യോഗത്തിൽ അറിയിച്ചു. നിയമാനുസൃതമുള്ള പൊളിക്കൽ പ്രവർത്തിക്കായി ചെലവ് അനുവാദം നൽകുന്നത് 5 മെമ്പർമാരുടെ വിയോജനത്തോടെ കമ്മറ്റി അംഗീകരിച്ച് തീരുമാനിച്ചു. ഹൈക്കോടതി ഉത്തരവ് പാലിച്ച് ടി അനധികൃതനിർമ്മാണം പൊളിച്ചു നീക്കിയിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം8/9-10-23) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി കൈയ്യേറിയുള്ള അനധികൃതനിർമ്മാണം പൊളിച്ചുനീക്കി ആസ്തി തിരിച്ച് പിടിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 സ്വകാര്യ ഹോസ്റ്റൽ - ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പതിമൂന്നാം വാർഡിൽ (പാത്താമുട്ടം) പ്രവർത്തിക്കുന്ന SaintGits Engineering കോളേജിന്റെ കോമ്പൗണ്ടിൽ 458,441 എന്നീ നമ്പറിലുള്ള കെട്ടിടങ്ങളിൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ടി കെട്ടിടങ്ങൾക്ക് വിദ്യാഭ്യാസം എന്ന ഉപയോഗക്രമത്തിൽ പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ 8 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത് .

| കെട്ടിട നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ചഅടിസ്ഥാന നികുതി 8 രൂപ നിരക്കിൽ |
|---|---|---|
| 458 | 2028.75 M2 | 16230 |
| 441 | 3470.25 M2 | 27762 |

സ്വകാര്യ ഹോസ്റ്റൽ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കും ടി നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണവും രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(26/10.10.23)2023ലെ വസ്തുനികുതി പരിഷ്കരണ സമയത്ത് ടി കെട്ടിടങ്ങളെ സ്വകാര്യ ഹോസ്റ്റൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.2013ലെവസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ മൊഡ്യൂൾ പരിശോധിച്ചതിൽ റസിഡൻഷൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഉപയോഗക്രമത്തിനു ബാധകമായ നിരക്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

കൂടാതെ ഗ്രാമപഞ്ചായത്തിൽ പ്രവ്വത്തിക്കുന്ന മറ്റ് ഹോസ്റ്റലുകളുടെ നികുതി ഉപയോഗക്രമത്തിനു ബാധകമായ നിരക്കിൽ പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

1-15 അൺ എയ്ഡഡ് കോളേജ്- വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ചാന്നാനിക്കാട് സ്ഥിതി ചെയ്യുന്ന PG Radhakrishnan Memorial Sree Narayana കോളേജിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ചിട്ടില്ലെന്ന് സഞ്ചയ മോഡ്യൂൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. നാളിതുവരെ സ്ഥാപനത്തിന്റെ നികുതി നിർണ്ണയിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (18/10.10.23) ടി കോളേജിന്റേയും അനുബന്ധ കെട്ടിടങ്ങളുടെയും നികുതിനിർണ്ണയംനടത്തുന്നതിനുള്ള അപേക്ഷ അന്വേക്ഷണം നടത്തിയതിൽ അപാകത കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ നികുതി നാളിതുവരെ നിർണ്ണയിക്കാത്തതിന് കൃത്യമായ വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയില്ല. കോളേജിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും നികുതി ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-16 വസ്തു നികുതി- വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു

31.03.2023-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം രൂപ വസ്തുനികുതിയിനത്തിൽ 2298341/-രൂപ പഞ്ചായത്തിന് ലഭിക്കാനുള്ളതായി കാണുന്നു. വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ സ്വീകരിക്കേണ്ടതാണ്.

1-17 മൊബൈൽ ടവറിന്റെ വസ്തു നികുതി സഞ്ചയയിൽ വരവ് വെച്ചിട്ടില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (കെട്ടിട നം- 10/204A വിസ്തീർണ്ണം- 6ച.മീ) വസ്തു നികുതി ഇനത്തിൽ നാളിതു വരെ 48510 രൂപ (നിരക്ക് 500/ ച.മീ) ഈടാക്കാനുള്ളതായി കാണുന്നു. നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(14/10.10.23) 23.03.2022ൽ 39510രൂപയും 18/03/2023ൽ 4390/-രൂപയും കാനറാബാങ്ക് തനത്ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നും സഞ്ചയയിൽ രസീത് ചെയ്തിട്ടാല്ലാത്തതാണെന്നും മറുപടി ലഭ്യമാക്കി. രസീതുകൾ നാളിതുവരെ സഞ്ചയയിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യാത്തത് വാർഷിക കണക്കുകളുടെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്തുന്നതാകയാൽ രസീതുകൾ യഥാസമയം കൃത്യമായി വരവു ചേർക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

1-18 പൂവന്തുരുത്ത് വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങളുടെ വസ്തുനികുതിയും,തൊഴിൽ നികുതിയും ഈടാക്കുന്നില്ല

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'വ്യവസായ എസ്റ്റേറ്റ്' പദവിയിലുള്ള പൂവന്തുരുത്ത് വ്യവസായ മേഖല, 40 ഏക്കറോളം വിസ്തൃതിയിൽ 230-ൽ അധികം കമ്പനികളുമായി പ്രവർത്തിക്കുന്നു. റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, മഷി, മാറ്റ് , പേപ്പർ മെറ്റിരിയലുകൾ, പാദരക്ഷകൾ, കെമിക്കൽസ്, വളം എന്നിവയുടെ നിർമ്മാണ യൂണിറ്റുകളും, പാറപ്പൊടി, കോൺക്രീറ്റ് മിക്സർ എന്നിവയുടെ ക്രഷർ യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. മൂവായിരത്തിൽ അധികം തൊഴിലാളികളാണ് ഇവിടെ വിവിധ കമ്പനികളിലായി തൊഴിലെടുക്കുന്നത്. പ്രസ്തുത വ്യവസായ എസ്റ്റേറ്റിലെ വിവിധ സ്ഥാപനങ്ങളുടെ, വസ്തുനികുതി, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ നിർണ്ണയിച്ച് ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായോ, നികുതി തുകകൾ ഈടാക്കിയിട്ടുള്ളതായോ ലഭ്യമായ രേഖകളിൽ നിന്നും വ്യക്തമാകുന്നില്ല. ആയതിനാൽ, ഓഡിറ്റ് വർഷം പ്രസ്തുത വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി, & തൊഴിൽ നികുതി തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/11.10.2023), പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾ ഉൾപ്പെടെ ഫീൽഡ് പരിശോധന നടത്തി വിവരശേഖരണത്തിനുള്ള ശ്രമങ്ങൾ പലതവണ നടത്തിയിരുന്നതാണെന്നും എന്നാൽ, ടി മേഖലയിലുള്ള സ്ഥലവാസികളുടെ വ്യാപകമായ പ്രതിഷേധവും എതിർപ്പും മൂലം തുടർനടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ലെന്നും, പ്രസ്തുത വിഷയത്തിൽ ബഹു. കേരള ഹൈകോടതിയിൽ WP(C) 7472/18/07.05.2018 നം. പെറ്റിഷൻ നിലനിൽക്കുന്നുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. ബഹു. കേരള ഹൈകോടതിയുടെ വിധിന്യായത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനത്തിൽ പരിപാലിയ്ക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1) | ഡ്രൈവർ ലോജിസ്റ്റിക്സ്, കുഴിമറ്റം | II |
| 2) | നീനു സൂസൻ വർഗീസ്, കമ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ, പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് | II |
| 3) | സുപ്രിയ സന്തോഷ്, പി. റ്റി. എസ്, പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് | II |
| 4) | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലാട് ബ്രാഞ്ച് | II |
| 5) | പനച്ചിക്കാട് റീജിയണൽ സർവീസ് സഹകരണ ബാങ്കിന്റെ ചാന്നാനിക്കാട്, പാത്താമുട്ടം, പള്ളിക്കവല, പാറക്കുളം & മെയിൻ ബ്രാഞ്ച് ശാഖകൾ | I & II |
| 6) | ക്വളിറ്റി ഇങ്ക്സ് മാനുഫാക്ച്ചറിംഗ് കമ്പിനി, പൂവൻതുരുത്ത് | II |
| 7) | ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ അക്ഷയ സെന്ററുകൾ | I & II |
| 8) | ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ | I & II |
| 9) | ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ മാവേലി സ്റ്റോറുകൾ | I & II |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/11.10.2023), ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക്/ജീവനക്കാർക്ക് നോട്ടീസ് നൽകി നികുതി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, നികുതി തുക ഈടാക്കി രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-20 വാടക കുടിശ്ശിക ഈടാക്കിയില്ല

(1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിന്മേൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വാടക തുക കുടിശ്ശിക നിലനിൽക്കുന്നതായി പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുത്തകക്കാരന്റെ പേര്, വിലാസം | കടമുറി നം. | കുടിശ്ശിക കാലയളവ് | പിഴപ്പലിശ കണക്കാക്കാതെയുള്ള അടിസ്ഥാന വാടക കുടിശ്ശിക തുക (പ്രതിമാസം 2044/- രൂപ പ്രകാരം) | ഈടാക്കേണ്ട ചരക്ക് സേവന നികുതി @18% |
|---|---|---|---|---|---|
| 1) | അജിത്കുമാർ. എം. എൻ അജിത് ഭവൻ | I | 10/2022 മുതൽ 03/2023വരെ | 12,264/- | 2208/- |

| | | | | | |
|---|---|---|---|---|---|
| | കുഴിമറ്റം | | | | |
| | ആകെ | | | 12,264/- | 2208/- |

വാടക തുക സമയബന്ധിതമായി ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/11.10.2023), മറുപടി ലഭ്യമായിട്ടില്ല. കരാർ പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിച്ച് ചരക്ക് സേവന നികുതി, പിഴപ്പലിശ എന്നിവ ഉൾപ്പെടെയുള്ള കുടിശ്ശിക തുക, ബന്ധപ്പെട്ട കുത്തകക്കാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2) വാടക കുടിശ്ശിക (Arrear) ഇനത്തിൽ ബാലൻസ് ഷീറ്റിൽ (B-15) നിലനിൽക്കുന്ന തുകയുടെ (2,65,545/- രൂപ) വിശദാംശങ്ങൾ ബന്ധപ്പെട്ട വാടക രജിസ്റ്റർ, ഫയൽ എന്നിവയിൽ നിന്നും ലഭ്യമായിട്ടില്ല. വാടക കുടിശ്ശിക (Arrear) ഇനത്തിൽ നിലനിൽക്കുന്ന തുക നിയമാനുസൃത നടപടികളിലൂടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 FACTEOS ലൈസൻസ് - മോട്ടോർ ഫീ ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് റൂൾസ് - 1996, റൂൾ 17, 18, 19 /[പട്ടിക – III] പ്രകാരം, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ, മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷം, ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട്, ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കിയിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം/ വ്യവസായം | ലൈസൻസ് അപേക്ഷ പ്രകാരമുള്ള മെഷിനറിയുടെ വിശദാംശം | ലൈസൻസ് നം./തീയതി | ഈടാക്കാവുന്ന പരമാവധി മോട്ടോർ ഫീ |
|---|---|---|---|---|---|
| 1) | മനോജ് കുര്യൻ ഇല്ലംപള്ളി കുഴിമറ്റം | ഹോളോ ബ്രിക്ക്സ് നിർമ്മാണം | 10 Hp | A5/2402 /22/01.07.22 | 100 |
| 2) | നടേശൻ. എസ്. പത്മകുമാർ നന്ദിക്കാട്ട് പാത്താമുട്ടം | വെൽഡിംഗ് വർക്ക്സ് | 7.5 Hp | A5/2413 /22/02.07.22 | 100 |
| 3) | ഷീല. വി. നായർ വലിയപറമ്പിൽ ചാന്നാനിക്കാട് | കാപ്പിക്കുരു വറുത്തുപൊടിച്ച് വില്പന | 3 Hp | A5/1456 /22/15.06.22 | 50 |
| 4) | ജലജ ചന്ദ്രൻ കിഴക്കേക്കര കൊല്ലാട് | ഫ്ലോർ മിൽ | 5 Hp | A5/2638 /22/01.04.22 | 50 |
| 5) | ജോസ്. ടി. എ തരകൻ വീട് ചാന്നാനിക്കാട് | പ്രിന്റിംഗ് പ്രസ്സ് | വിവരം ലഭ്യമല്ല | A5/2252 /22/01.04.22 | - |

| | | | | | |
|---|---|---|---|---|---|
| 6) | ബീന. പി. എൻ വടക്കേകീഴുവെളിയിൽ പുന്നപ്ര | പെട്രോൾ പമ്പ് | 23 Hp (Dispensing Unit : 0.75 Hp X 4 Nos = 3 Hp & DG Set : 20 Hp) | A5/2308 /22/01.04.22 | 300 |
| | | | | ആകെ | 600 |

ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (32/11.10.2023), മറുപടി ലഭ്യമായിട്ടില്ല. ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കാതെ ലൈസൻസ് അനുവദിച്ച് നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും, ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കാഞ്ഞതിനാൽ, ഓഡിറ്റ് വർഷം സ്ഥാപനത്തിന് ലഭിക്കേണ്ടിയിരുന്ന വരവിനത്തിൽ 600/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. തുടർവർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 കെട്ടിടനിർമ്മാണപെർമിറ്റ്- രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007/തസ്വഭവ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ്-1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. എന്നാൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വാർഡ് നം., പെർമിറ്റ് നിരസിക്കുന്ന സംഗതികളിൽ ആയതിന്റെ കാരണം, പെർമിറ്റ് പുതുക്കുന്ന സംഗതികളിൽ ആയതിന്റെ വിവരം, കെട്ടിടം പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കെട്ടിടനിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിവരങ്ങൾ, കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കുന്നുണ്ടോയെന്ന വിവരം, അപേക്ഷ നിരസിക്കുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നില്ല. നികുതിനിർണ്ണയം നടത്തിയ തീയതി, വാർഡ് നം. എന്നിവ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ പെർമിറ്റ് നൽകിയ കെട്ടിടങ്ങളെല്ലാം പണിപൂർത്തീകരിച്ച് നികുതി നിർണ്ണയം നടത്തുന്നുണ്ടോയെന്നും ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ അപേക്ഷ ലഭിച്ച് കാലാവധിക്കുള്ളിൽ പെർമിറ്റ് നൽകാത്തവയുടെ കാര്യത്തിലുള്ള തുടർനടപടികളുടെ വിവരങ്ങളും മറ്റ് ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിന് അയയ്ക്കുന്ന ഫയലുകളുടെ തുടർ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നില്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷകളുടെ വിവരങ്ങളും പ്രത്യേക രജിസ്റ്ററിൽ ചേർക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തിപ്പോരുന്നത്. ആയതിന്റെ വിവരങ്ങളും പൂർണ്ണമല്ല. പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (9/10.10.23) ന് കൃത്യമായി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ അപാകതകൾ പരിഹരിച്ച് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

### പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും

നിശ്ചിത സമയപരിധി ലംഘിക്കുന്നതായി കാണുന്നു. ഉദാഹരണത്തിന് ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് വാർഡ് 13ൽ 761/2-1റീസർവ്വേയിൽപ്പെട്ട സ്ഥലത്ത് മൊബൈൽ ടവർ നിർമ്മിക്കുവാൻ അനുമതി തേടി 17/10/2022ൽ നൽകിയ അപേക്ഷ നാളിതുവരെ തീർപ്പാക്കാൻ സാധിച്ചില്ല. 2022-23 വർഷം 390 പെർമിറ്റ് അപേക്ഷകൾ ലഭിച്ചതിൽ നിലവിലും 111എണ്ണം തീർപ്പാക്കാനവശേഷിക്കുന്നുണ്ട് .ചട്ടപ്രകാരമുള്ള സമയ പരിധി പാലിച്ച് അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

1-23 മൊബൈൽ ടവർ നിർമ്മാണം-പെർമിറ്റ് കാലാവധിക്കുശേഷവും നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല

പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സർവ്വെ നം R585/2-1 ൽപ്പെട്ട സ്ഥലത്ത് ATC ടെലിക്കോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന് മൊബൈൽ ടവർ നിർമ്മിക്കുന്നതിനായി ബിൽഡിങ്ങ് പെർമിറ്റ് നം SC1 BA 312343/2022 തീയതി 01.10.22 പ്രകാരം അനുമതി നൽകിയിരുന്നു.ടി പെർമിറ്റിന്റെ കാലാവധി 30.09.23 ൽ അവസാനിച്ചിട്ടുള്ളതാണ്. നിർമ്മാണം പൂർത്തിയാക്കി നികുതി അസസ്സ് ചെയ്യുകയോ,പെർമിറ്റിന്റെ കാലാവധി പുതുക്കുകയോ ചെയ്തിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിക്കാതിരുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(25/10.10.23) കമ്പിനി പെർമിറ്റ് പുതുക്കുന്നതിനോ കംപ്ലീഷൻ നൽകുന്നതിനോ ഉള്ള അപേക്ഷ സമർപ്പിച്ചില്ലെന്നും ആയത് സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി.തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ക്രമവൽകൽക്കരിക്കാത്ത പക്ഷം 1994ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235AA,235W, 2011ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 19,20 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ഇ ടെൻഡർഫീസിനത്തിലുള്ള തുക തനതുഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അസി. എഞ്ചിനീയറുടെ പേരിൽ SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്എൻക്വയറിക്ക് (നമ്പർ 27/10.10.2023) ഇ-ടെൻഡർ ഫീസ് ഒടുക്കുന്നതിനായി 25-5-18-ൽ അസി.എൻഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ പനച്ചിക്കാട് ശാഖയിൽ ആരംഭിച്ചിരുന്ന (നം-37709720272) അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കി. സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 13/07/23 തീയതിയിൽ ടി അക്കൗണ്ടിൽ 214622/-രൂപ ഉള്ളതായി ബോധ്യപ്പെട്ടു. ഇ-ടെൻഡർ ഫീസിനത്തിൽ പ്രസ്തുത അക്കൗണ്ടിലവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്യേണ്ടതാണ്.

1-25 അധിക വിഭവ സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21 ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരളപഞ്ചായത്ത്

രാജ് നിയമത്തിലെ 162 വകുപ്പ്പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
തനതുവരുമാനമായ വസ്തു നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ മേഖലകളെ സംബന്ധിച്ച വാർഡ് മാപ്പ് നാളിതുവരെ തയ്യാറാക്കിയിട്ടില്ല. കൂടാതെ റോഡുകളുടെ വിശദാംശങ്ങൾ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2013ലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015 /തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ മൊഡ്യൂൾ പരിശോധിച്ചതിൽ റസിഡൻഷൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ വസ്തുനികുതി ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നിർണയിച്ചിട്ടില്ലാത്തതിനാൽ ടി ഇനത്തിൽ വരുമാനനഷ്ടം സംഭവിക്കുന്നുണ്ട്

സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ്പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 24.05.23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിതീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 4-1). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (26.07.2023- ലെ SC1-2/2023). കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു.എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. അഞ്ചു വർഷത്തേയ്ക്കുള്ള ഡിമാൻഡ് നോട്ടീസ് ഫോറം (9A) കെട്ടിട ഉടമകൾക്ക് വിതരണം ചെയ്തുതുടങ്ങിയിട്ടില്ല. 31.3.2023വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫോറം 9B കെട്ടിട ഉടമകളിൽനിന്ന് ശേഖരിക്കാഞ്ഞതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തു തുടങ്ങിയിട്ടില്ല. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാഞ്ഞതിനാൽ 1.4.2023 മുതൽ വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിരക്ക് , മേഖലകൾ, വഴികൾ തരംതിരിക്കൽ എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല. പഞ്ചായത്തിലെ

റോഡ് മാപ്പ് കൃത്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പ്രധാന വരുമാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 22 ലക്ഷത്തിലേറെ രൂപ കുടിശ്ശികയുണ്ട്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 'വ്യവസായ എസ്റ്റേറ്റ്' പദവിയിലുള്ള പൂവന്തുരുത്ത് വ്യവസായ മേഖല, 40 ഏക്കറോളം വിസ്തൃതിയിൽ 230-ൽ അധികം കമ്പനികളുമായി പ്രവർത്തിക്കുന്നു. എന്നാൽ പൂവന്തുരുത്ത് വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനങ്ങളുടെ വസ്തുനികുതി, ലൈസൻസ് ഫീ & തൊഴിൽ നികുതി ഈടാക്കുന്നില്ല പ്രസ്തുത വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 7472/18/07.05.2018 നം. പെറ്റിഷൻ നിലനിൽക്കുന്നുള്ളതിനാൽ ഹൈക്കോടതിയുടെ വിധിന്യായത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ , വാർഷികധനകാര്യപത്രിക എന്നിവ പ്രകാരം കുടിശികയവശേഷിക്കുന്നുണ്ട്.

പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവായി നിൽക്കുന്നുണ്ടെന്നു കാണുന്നു. കൃത്യമായ ഡേറ്റാ ശേഖരിച്ച് പരമാവധി പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 324സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഇതിലധികം വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

വാർഷിക ധനകാര്യ പത്രിക പ്രകാരം 277098 രൂപ വാടക കുടിശ്ശികയുണ്ട്. വാടകയിനത്തിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ഈടാക്കാൻ സാധിക്കില്ല എന്ന് ഉത്തമബോധ്യപ്പെടുന്ന സംഗതികളിൽ ആയത് ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സർക്കാരിലേയ്ക്ക് ഒടുക്കാനുള്ള തുകകൾ യഥാസമയം ഒടുക്കിയിട്ടില്ല

വാർഷികകണക്ക് B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിൽ സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്

| ക്രമ നമ്പർ | ശീർഷകം | വിവരണം | തുക |
|---|---|---|---|
| 1 | 350300103 | സർക്കാർ ഡ്യൂസ് - വാറ്റ് | 151096 |
| 2 | 350300199 | സർക്കാർ ഡ്യൂസ് -മറ്റിനം വിനിയോഗിക്കാത്ത ഗ്രാന്റ് | 124042 |
| 3 | 350400999 | സർക്കാർ ഡ്യൂസ് -മറ്റിനം | 241200 |

| | | |
|---|---|---|
| | | വിനിയോഗിക്കാത്ത ഗ്രാന്റ് |

ടി തുകകൾ സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേകഷണക്കുറിപ്പിന് (12/10.10.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. തുകകൾ അതാത് ശീർഷകങ്ങളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂൾ പ്രകാരം 1472241/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നു. ഡെപോസിറ്റ് രജിസ്റ്ററിൽ നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശത്തിൽ പ്രോജക്റ്റ്/പ്രവൃത്തിയുടെ ഉദ്ദേശ്യം, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. പല നിക്ഷേപങ്ങളും ഒടുക്കിയ അതോറിറ്റിയുടെ വിവരവും ചേർക്കുന്നില്ല. 2022-23 വർഷത്തെ ഡെപോസിറ്റ് കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2022-23 വർഷം തിരികെ നൽകിയ നിക്ഷേപത്തിന്റെ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നതിനാൽ റോഡ് കട്ടിങ്ങ് ഡെപോസിറ്റായി നിലനിൽക്കുന്ന 108900 രൂപ പഞ്ചായത്തിന്റെ വരുമാനമാക്കി ക്രമീകരിക്കേണ്ടതായിരുന്നോ എന്നതിലും വ്യക്തതയില്ല. വാടക നിക്ഷേപം 104926 രൂപ നിലനിൽക്കുന്നത് ഏത് വർഷത്തെ തുകയാണെന്ന് വ്യക്തതയില്ല.
2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം സാമ്പത്തിക വർഷത്തെ ഡെപോസിറ്റ് കണക്കുകൾ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് പാലിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു.
ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്. ഇതിൽ നിന്നും വാടക ഡെപ്പോസിറ്റ് ഒഴികെയുള്ളതും കാലാവധികഴിഞ്ഞതുമായ ഡെപ്പോസിറ്റുകൾമുതൽക്കൂട്ടാവുന്നതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (6/09.10.23) രജിസ്റ്റർ കൃത്യമാക്കുന്നതാണെന്നും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-28 മുൻകൂറിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460100101 | ഫെസ്റ്റിവൽ അഡ്വാൻസ് | 42000 |
| 460100199 | മറ്റ് അഡ്വാൻസ് | 34400 |
| 460500201 | നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ-വാട്ടർ അതോറിറ്റി | 180000 |

| | | |
|---|---|---|
| 460500202 | നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ KSEB | 219766 |
| 460500204 | നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ- GWD | 400000 |
| 460500499 | അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകിയ മുൻകൂർ | 100000 |
| 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ | 33025 |
| 460500801 | NREGS ക്ക് നൽകിയ മുൻകൂർ | 929948 |
| 460509901 | മറ്റുള്ളവർക്ക് നൽകിയ മുൻകൂർ | 86553 |
| | ആകെ | 2025692 |

മുൻകൂറിന്റെ മുന്നിരിപ്പ്, 2022-23വർഷത്തെ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചേർത്ത് മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുൻകൂറുകളും ഡെപ്പോസിറ്റ് പ്രവൃത്തികളും കൃത്യമായ ക്രമീകരണം നടക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഏത് കാലയളിവിലേതാണ് എന്നോ പ്രോജക്ടുകൾ പൂർത്തിയായി ക്രമീകരിക്കാൻ അവശേഷിക്കുന്നതാണോ എന്നതിൽ വ്യക്തതയില്ല. ടി തുകളുടെ വിശദാംശങ്ങൾ, ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (5/9.10.23) മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ നൽകുന്നതിലും ക്രമീകരണത്തിലും കൃത്യമായ രേഖകൾ സൂക്ഷിക്കാതിരുന്നതിനാൽ ഇടപാടുകളുടെ ആധികാരികതയിലും അവ്യക്തത നിലനിൽക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

1-29 ദേശീയഗ്രാമീണ തൊഴിലുറപ്പപദ്ധതി - ശമ്പളമിനത്തിൽ തനതുഫണ്ടിൽനിന്നും നൽകിയ തുക അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

തൊഴിലുറപ്പപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വേതനമിനത്തിലും യാത്രാബത്തയിനത്തിലും തനതുഫണ്ടിൽ നിന്നും നൽകിയ തുകയിൽ 929948 രൂപ തനതുഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. തൊഴിലുറപ്പപദ്ധതിയുടെ വിനിമയത്തിനായി ഗ്രാമപഞ്ചായത്ത് ആരംഭിച്ച യൂണിയൻബാങ്കിന്റെ 520101039378655 നമ്പർ അക്കൗണ്ടിൽ 912018/-രൂപ അവശേഷിക്കുന്നുണ്ടെങ്കിലും തനത് ഫണ്ടിലേക്ക് തുക മാറ്റി നൽകിയിട്ടില്ല. എൻ.ആർ.ജി.ഇ.സ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്നും ചെലവഴിച്ചതും നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ തുക എൻ.ആർ.ഇ.ജി.എസ് പദ്ധതിഫണ്ടിൽ നിന്നും തനതുഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്.

1-30 RGSA കെട്ടിടനിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കേന്ദ്രഫണ്ട് നഷ്ടമായി




കേന്ദ്രാവിഷ്കൃതപദ്ധതിയായ രാഷ്ട്രീയഗ്രാം സ്വരാജ് അഭിയാൻ (RGSA) 2021-22 വർഷത്തെ വാർഷികപദ്ധതിയുടെ ഭാഗമായി പനച്ചിക്കാട് പഞ്ചായത്തിൽ കോമൺസർവീസ് സെന്റർ (CSC)സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 19-11-2021ലെPAN/7556/2021-RGSA1നം കത്ത് പ്രകാരം 4ലക്ഷം രൂപ അനുവദിച്ചിരുന്നു.പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പാക്കേണ്ടതാണെന്നും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി നിർമ്മിതിയെ തെരഞ്ഞെടുക്കുകയും മുൻകൂറായി 80,000/-രൂപ പഞ്ചായത്ത് ഡയറക്ടറുടെ 14-3-22ലെ PAN/7556/2021-RGSA1 ഉത്തരവ് പ്രകാരം ലഭ്യമാകുകയും ടി തുക നിർമ്മിതിയ്ക്ക് നൽകുകയും ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്തിന് സമയബന്ധിതമായി 2021-22 വർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചില്ല. നിർമ്മിതിയെ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ഏൽപ്പിച്ചതിനാലാണ് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതിരുന്നത്. അടിയന്തിരമായി നിർമ്മിതിയെക്കൊണ്ട് നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നത് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. 2022-23 വർഷം കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 2,70,088/-രൂപയുടെ ബിൽ തുകയ്ക്കായി പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിച്ചുവെങ്കിലും ആയത് ലഭ്യമായതായി കാണുന്നില്ല. 2021-22വർഷത്തെ വാർഷികപദ്ധതിയുടെ ഭാഗമായി ലഭിച്ച ഫണ്ട് വിനിയോഗിച്ച് ടി വർഷം തന്നെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനും കേന്ദ്രഫണ്ട് നഷ്ടമായതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം44/12-10-22) മറുപടിയായി നിർമ്മാണച്ചുമതല നിർമ്മിതിയെ ഏൽപിച്ചതിനാലാണ് കാലതാമസം വന്നത് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് എഞ്ചിനീയറിങ്ങ് വിഭാഗം ഉണ്ടായിരുന്നിട്ടും സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രൊജക്ട് ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാനുള്ള തീരുമാനം കേന്ദ്രഫണ്ട് നഷ്ടമാകുന്നതിനിടയാക്കി. നിലവിൽ നിർമ്മിതിയ്ക്ക് നാളിതുവരെ ബിൽതുക നൽകിയിട്ടില്ല. RGSAഫണ്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും തുക ലഭ്യമാകാത്തപക്ഷം നിർമ്മിതിയ്ക്ക് തനത്ഫണ്ടിൽ നിന്നും നൽകേണ്ടി വരുന്ന തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയാകുന്നതുമാണ്.

1-31 പഞ്ചായത്ത് ഓഫീസിൽ സോളാർപാനൽ സ്ഥാപിക്കൽ- മുന്നൊരുക്കങ്ങൾക്ക് തുക ചെലവഴിച്ചു- പ്ലാന്റ് സ്ഥാപിച്ചില്ല

| | |
|---|---|
| പ്രൊ.നം | 271/23 |
| അടങ്കൽ | 13,50,000/-(667415വികസനഫണ്ട് പൊതു+682585 തനത് ഫണ്ട്) |
| ചെലവ് | 31367/-തനത്ഫണ്ട് (ചെക്ക് നം309438/24-3-23) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിൽ സോളാർപാനൽ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം 12kw സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി അനർട്ട് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 12.95ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യേണ്ടതായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ നിലവിലെ കണക്ടഡ് ലോഡ് 7kw മാത്രമാണ്. ആയത് 12kwആക്കി ഉയർത്തുന്നതിനും കെഎസ്ഇബി സർവീസ് കണക്ഷനുവേണ്ടി തുക നിക്ഷേപിക്കുന്നതിനുമായി 31367/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിലവിൽ അനർട്ടിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്ത് സോളാർപവർപ്ലാന്റ് സ്ഥാപിച്ചിരുന്നോ എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 44/12-10-23) മറുപടിയായി നടപ്പുവർഷം പ്രസ്തുത പദ്ധതി ഏറ്റെടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അനർട്ടിൽ തുക നിക്ഷേപിച്ചിട്ടില്ല. പദ്ധതി ഏറ്റെടുത്ത് സോളാർ പ്ലാന്റ് നിർമ്മാണം പൂർത്തിയാകുന്നത് വരെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി ടിയിനത്തിൽ ചെലവഴിച്ച 31367/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സോളാർ പ്ലാന്റ് സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 യുപിഎസ് ബാറ്ററി വാങ്ങൽ-ബൈബാക്ക് സംവിധാനം വിനിയോഗിച്ചില്ല-ഗ്രാമപഞ്ചായത്തിന് നഷ്ടം 28500/-രൂപ

| | |
|---|---|
| പ്രൊ.നം | 270/23 |
| അടങ്കൽ | 1,08,900/-(വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 1,08,900/-(ബിൽ നം17/25-2-23) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

യുപിഎസ്ബാറ്ററി വാങ്ങൽ പ്രൊജക്റ്റിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം 10 ബാറ്ററികൾക്കായി 1,08,900/-രൂപയും ബൈബാക്ക് വ്യവസ്ഥയിൽ പഴയബാറ്ററിയ്ക്ക് 28500/- രൂപയും ക്വാട്ട് ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വാങ്ങൽ നടത്തുകയുണ്ടായി. പഴയബാറ്ററികൾ ഹൈക്കൺ ഇന്ത്യലിമി. കൈപ്പറ്റുകയും ഹൈക്കൺ ഇന്ത്യ ലിമിറ്റഡിന്റെ 16-12-2022 ലെ HIKTM/212/2022-23നമ്പർ കത്ത് പ്രകാരം ഇൻവോയിസ് നം OLG-B/2223005455പ്രകാരമുള്ള ബാറ്ററിയുടെ വിലയിൽ നിന്നും ബൈബാക്ക് വ്യവസ്ഥയിലുള്ള 28500/-രൂപകുറവ് ചെയ്ത് ബാലൻസ് തുകയായി 80,400/- രൂപ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ബൈബാക്ക് തുക കുറവ് ചെയ്യാതെ ബാറ്ററിയുടെ മുഴുവൻ ബിൽതുകയായ 1,08,900/-(ബിൽ നം 17/25-2-23) രൂപയും സ്ഥാപനത്തിന് നൽകുകയുണ്ടായി. അധികമായി 28500/-രൂപ സ്ഥാപനത്തിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.44/12.10.2023) മറുപടിയായി സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. 28500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കാത്തപക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 മാലിന്യനിർമ്മാർജ്ജനം ബോധവൽക്കരണം -ഡോക്യുമെന്ററി നിർമ്മാണം- പ്രൊജക്റ്റ് നിർവ്വഹണത്തിന് സർക്കാർ അനുമതി വാങ്ങിയില്ല

| | |
|---|---|
| പ്രൊ.നം | 242/23 മാലിന്യനിർമ്മാർജ്ജനം ബോധവൽക്കരണം -ഡോക്യുമെന്ററി നിർമ്മാണം |
| അടങ്കൽ | 5,00,000/-(CFC) |

| | |
|---|---|
| ചെലവ് | 4,00,000/-(ബിൽ നം416/31-3-23) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മാലിന്യനിർമ്മാർജ്ജനത്തിന് ബോധവൽക്കരണത്തിനായി ഡോക്യുമെന്ററി നിർമ്മാണത്തിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് 4,00,000/-രൂപ ചെലവഴിച്ചിരുന്നു. 14-ാം പദ്ധതി /സബ്സിഡി മാർഗ്ഗരേഖയിൽ ഡോക്യുമെന്ററി നിർമ്മാണത്തിന് തുക വിനിയോഗിക്കാൻ അനുമതി നൽകിയിരുന്നില്ല. ബോധവൽക്കരണത്തിന് ഡോക്യുമെന്ററി നിർമ്മാണത്തിന് സിഎഫ് സി ഗ്രാന്റ് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിരുന്നില്ല. ഡോക്യുമെന്ററി നിർമ്മാണത്തിനായി ടെൻഡർ ക്ഷണിക്കുകയും ഫാ.വർഗീസ് ലാൽ എന്നയാളുടെ കരാർ അംഗീകരിച്ച് ഡോക്യുമെന്ററി നിർമ്മാണം പൂർത്തിയാക്കിയിരുന്നു. പ്രസ്തുത കരാറിൽ നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്നത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. ഡോക്യുമെന്ററി നിർമ്മാണം പൂർത്തിയാക്കിയിരുന്നുവെങ്കിലും ആയത് സമൂഹമാദ്ധ്യമങ്ങളിലോ മറ്റ് ജനശ്രദ്ധകിട്ടുന്നയിടങ്ങളിലോ പ്രദർശിപ്പിച്ചിരുന്നില്ല. ഡോക്യുമെന്ററി സമൂഹമാദ്ധ്യമങ്ങളിൽ ഉൾപ്പടെ ഏതൊക്കെ രീതിയിൽ ബോധവൽക്കരണത്തിന് വിനിയോഗിച്ചുവെന്നും കൂടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം44/12-10-23)മറുപടിയായി അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ വച്ച് പ്രചാരണപ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ ഡോക്യുമെന്ററിയ്ക്കായി തുക ചെലവഴിച്ചതിനാലും നിർമ്മിച്ച ഡോക്യുമെന്ററി ഫലപ്രദമായി ബോധവൽക്കരണപ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടില്ലാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച 4,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതി ലഭ്യമാക്കേണ്ടതും ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-34 വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്ട് നമ്പർ, പേര് | ചെലവ് ഫണ്ടിനം | ബിൽ നമ്പർ,തീയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|
| 100/23 എസ്.എസ്.എ വിഹിതം | 600000/-വികസന ഫണ്ട് (ജനറൽ) | 23/14-3-23 | എസ്.എസ്.കെ കോട്ടയം |
| 287/23 എസ്.എസ്.എ വിഹിതം | 7,53,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 235/22-2-23 | എസ്.എസ്.കെ കോട്ടയം |
| 272/23 എബിസി പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ | 177311/-വികസന ഫണ്ട് (ജനറൽ) | 338/22-3-23 | പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 1530311/- | | |

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/12.10.23) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ 1530311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 അനുവദനീയമല്ലാത്ത ശമ്പള പരിഷ്കരണ കുടിശ്ശിക നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്.

30.09.22 ൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. മിനി സൂസൻ ഡാനിയലിന് 01.02.23 ൽ ചെക്ക് നം. 309362 പ്രകാരം 107302 രൂപ ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ നൽകിയിട്ടുണ്ട്. 10.02.21 ലെ ജി.ഒ (പി) നം.27/2021 പ്രകാരം 01.04.23 മുതൽ 4 ഗഡുക്കളായാണ് ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്ക് അർഹതയുള്ളത്. എന്നാൽ 30.03.23 ലെ സ.ഉ(അ) നം. 31/2023/(34)/ ധന ഉത്തരവ് പ്രകാരം ടി ഉത്തരവ് നടപ്പാക്കുന്നത് നീട്ടിവയ്ക്കുകയും നാളിതുവരെ നൽകിയിട്ടില്ലാത്തതുമാണ്. ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01.04.23 ൽ മാത്രം അർഹത ഉണ്ടായിരുന്നതും നിലവിൽ നീട്ടിവയ്ക്കപ്പെട്ടതുമായ ശമ്പള പരിഷ്കരണ കുടിശ്ശിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (45/13.10.23) ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമാണ് തുക അനുവദിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് ക്രമപ്രകാരമല്ല. 2019 ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക 43 പ്രകാരമുള്ള 4%, 7% ഡിഎ കുടിശ്ശിക പുതുക്കിയ ശമ്പളത്തിന്റെ ഭാഗമായതിനാൽ ശമ്പളപരിഷ്കരണ കുടിശ്ശികയോടൊപ്പം മാത്രമേ അർഹതയുള്ളൂ. ഇത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സ്പഷ്ടീകരണം ലഭ്യമായിട്ടുള്ളതാണ് (24.05.2023 ലെ കത്ത്). ടി സാഹചര്യത്തിൽ അനർഹമായ കുടിശ്ശിക അനുവദിച്ച വിഷയം ഭരണസമിതി പരിഗണിക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-36 പൊതു ടാപ്പുകളുടെ വെള്ളക്കരം - തനത് ഫണ്ട് പാഴാകുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമായി തനത് ഫണ്ടിൽ നിന്നും 3441518/- രൂപ ചെലവഴിച്ചിട്ടുണ്ട്. 500 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമായി 241167 രൂപയാണ് പ്രതിമാസം ഒടുക്കിയിട്ടുള്ളത്. 2023 ഫെബ്രുവരി മാസം മുതൽ ആയത് 606625 രൂപയായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ 2022ഏപ്രിൽ മാസത്തിലെ ഡിമാന്റ് നോട്ടീസ് പ്രകാരം 162026 രൂപ കുടിശ്ശിക നിലനിന്നിരുന്നു. എന്നാൽ 2023 ഏപ്രിൽ മാസത്തിലെ ഡിമാന്റ് നോട്ടീസ് പ്രകാരം ആയത് 2235162 രൂപയാണ്. മാത്രമല്ല കുടിശ്ശിക തുകയുടെ പിഴയായി 43979 രൂപ കൂടി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വന്നതിന്റെ കാരണവും ഉപയോഗയോഗ്യമായ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 02/07.10.23) 09.10.23 ന് നടത്തിയ സംയുക്ത പരിശോധനയിൽ 224 പൈപ്പുകൾ മാത്രമേ ഉപയോഗയോഗ്യമായിട്ടുള്ളുവെന്നാണ് മറുപടി ലഭ്യമാക്കിയത്. ഡിമാന്റ് നോട്ടിസിലെ കുടിശ്ശിക തുകയും അതിന്മേലുള്ള പിഴ തുക സംബന്ധിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗയോഗ്യമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്താൻ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

1-37 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തത് തനത് ഫണ്ടിന് ബാധ്യത.

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ പള്ളം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള 1146256002300 നമ്പരായ തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ വൈദ്യുതി ചാർജ്ജ് 8A താരിഫിലാണ് നിർണ്ണയിച്ചിരിക്കുന്നത്. 2022 -23 സാമ്പത്തിക വർഷം 1603413 രൂപ ടി കൺസ്യൂമർ നമ്പരിന്റെ വൈദ്യുതിചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ ടി വൈദ്യുതി ചാർജ്ജുകൾ സമയബന്ധിതമായി ഒടുക്കിയിട്ടില്ലാത്തതിനാൽ 1737 രൂപ സർചാർജ്ജ് ഇനത്തിലും ഒടുക്കിയിട്ടുണ്ട്. ടി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിരിക്കുന്നതിന് ആധാരമായ ബൾബുകളുടെ എണ്ണവും

ഇനവും ലഭ്യമാക്കുന്നതിനും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രമേ തുക ഒടുക്കുന്നുള്ളൂ വെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ സമയബന്ധിതമായി ബിൽ തുക ഒടുക്കി സർചാർജ്ജിനത്തിൽ അധികം തുക ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-38 സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ചെലവഴിച്ചിട്ടില്ല

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ 1620879/- രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകകൾ ചുവടെ ചേർക്കുന്നു.

| കോഡ് | ശീർഷകം | തുക |
|---|---|---|
| 320700104 | സംയുക്ത പ്രോജക്ടിന് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം(കാപിറ്റൽ) | 770879 |
| 320700204 | സംയുക്ത പ്രോജക്ടിന് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ) | 850000 |

1620879- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ 27.1.2017ന്റെ ലംഘനമാണ്. പ്രസ്തുത ഉത്തരവ് ഖ.VI പ്രകാരം നിർവ്വഹണത്തിന് ചുമതലപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു കൂടാതെ പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ശരിയല്ല.ടി തുക ലഭിച്ച വർഷം, ആവശ്യം ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷകുറിപ്പിന്(7/9.10.23) തുക ചെലവഴിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിക്കാൻ കഴിയാത്ത പക്ഷം അതാത് ഏജൻസികളിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-39 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ 892293/-രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയും നികുതിവിഹിതങ്ങൾ അതാത് ശീർഷകങ്ങളിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള റ്റി എസ് ബി (അക്കൗണ്ട് നം. 799011400001573) അക്കൗണ്ടിൽ 13/07/23 ൽ 892293 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. നീക്കിയിരിപ്പിന്റെ വിശദാംശങ്ങളും അക്കൗണ്ടിൽ ഇത്രയും വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (16/10.10.23) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിലവശേഷിക്കുന്ന തുകയുടെ വരവുസ്രോതസ്സ് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. സർക്കാരിലേക്കോ ഇതര സ്ഥാപനങ്ങൾക്കോ അടവാക്കേണ്ട തുകയാണെന്ന് ഉറപ്പാക്കുന്നപക്ഷം യഥാനുസരണം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

ബാലൻസ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നിലവിൽ ഗുണഭോക്താവിന്റെ/കരാറുകാരന്റെ/സ്ഥാപനത്തിന്റെ

അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്റ്റർ ചെയ്യുന്നതിനുള്ള ഡി.ബി.റ്റി സൗകര്യം ഉള്ളതിനാൽ അസി. എഞ്ചിനീയറുടെ പേരിൽ ഈ ഉദ്ദേശ്യത്തിനായി പ്രത്യേക അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യമില്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഇത സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല).

കൂടാതെ സ്രോതസ്സിൽ കുറവ് ചെയ്ത നികുതി വിഹിതങ്ങൾ യഥാസമയം അടവാക്കാത്തതിന് അതാത് വകുപ്പിൽ നിന്ന് ഫൈൻ ചുമത്തുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

1-40 ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ്

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 12% ത്തിൽ നിന്ന് 18% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കുലർ ഖണ്ഡിക 1 പ്രകാരം 18.07.2022 ന മുൻപ് പൂർത്തീകരിച്ച പ്രവൃത്തികളുടെ ജി എസ് റ്റി 12% മാണെന്നും 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് അധിക ശതമാനം നിരക്കിൽ ജി എസ് റ്റി 18% അനുവദിക്കാവുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 18.07.2022 ന ശേഷം പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പം വർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരിച്ചതുമായ താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി നല്കിയതിനാൽ പഞ്ചായത്തിനുണ്ടായ അധികച്ചലവ് ചുവടെ ചേർക്കുന്നു. 18.07.2022 ന് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം തയ്യാറാക്കാഞ്ഞതിനാലാണ് ജി എസ് റ്റി അധികനിരക്കിൽ അനുവദിക്കേണ്ടിവന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| പ്രോജക്ട് നം, പേര് | കരാറു കാരൻ | ആകെ വേല മൂല്യം | പ്രവൃത്തി പൂർത്തിയാക്കിയ തീയതി, അളവ് പുസ്തകം | നൽകാവുന്ന ജി എസ് റ്റി കോമ്പൻസേഷന്(12% നിരക്കിൽ) | നൽകിയത് (12% നിരക്കില്) | അധികം | ചെലവ് തുക, ഫണ്ട് | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 197/23, പാത്താമുട്ടം എൽ പി എസ് മെയിന്റനൻസ് | സി ഏബ്രഹാം | 405502 | 11/07/22,2 /22-23 | 48660 | 72991 | 24331 | 478493 ,മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 72/ 26.08.2022 |
| 68/23കുമ്മാകുഴി പാറപ്പെട്ടി റോഡ് കോൺക്രീറ്റിംഗ് | സി ഏബ്രഹാം | 406783 | 28/04/22,67 /21-22 | 48814 | 73221 | 24407 | 480004, വികസന ഫണ്ട് പൊതു വിഭാഗം | 73/ 26.08.22 |
| 85/23 പാത്താമുട്ടം | സുനിൽ കുമാർ | 788643 | 2/7/22, 01/2022-23 | 94637 | 141956 | 47319 | 930599, മെയിന്റന | 87/ 15.09.22 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| യു പി സ്കൂൾ മെയിന്റനൻസ് | എസ് | | | | | | ൻസ് ഫണ്ട് നോൺ റോഡ് | |
| 54/23 NSM CMS LP സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | സൈജു ജി | 216809 | 15/12/21,37 /21-22,38/ 21-22 | 26018 | 39026 | 13008 | 255835, വികസന ഫണ്ട് പൊതു വിഭാഗം | 70/23 .08.22 |
| ആകെ | | | | | | 109065 | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(23/10.10.23) ന് മറുപടി ലഭ്യമാക്കിയില്ല. യഥാസമയം ബില്ലുകൾ തയ്യാറാക്കാത്തതിനാൽ ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി. അധികം നൽകിയ 109065/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-41 വർക്ക്ബില്ലുകളിൽ നിന്നും കിഴിവുചെയ്യുന്ന റിടെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് | 78/23 ദിവാൻപുരം കാലായിൽ റോഡ് മെയിന്റനൻസ് |
| ചെലവ് | 234757 മെയിന്റനൻസ് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ബിൽ നമ്പർ | 285/10.03.2023 |

മരാമത്ത് വേലകളുടെ പാർട്ട് ബില്ലുകളിൽ കരാറുകാർക്ക് അനുവദിക്കേണ്ട തുകയിൽനിന്നും റിടെൻഷൻ ഇനത്തിൽ കുറവുചെയ്യുന്ന തുക ഉൾപ്പെടെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പിൻവലിക്കേണ്ടതും റിടെൻഷൻതുക തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതുമാണ്. ഇപ്രകാരം ക്രഡിറ്റ് ചെയ്തിട്ടുള്ള തുക ഫൈനൽ ബിൽ നൽകുമ്പോൾ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് കരാറുകാരന് അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ടിന്റെ പാർട്ട് ബിൽ തയ്യാറാക്കിയപ്പോൾ റിടെൻഷൻ കിഴിച്ചുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1-ാം പാർട്ട് ബിൽ പ്രാകാരം ആകെ വേലമൂല്യം | 214390 |
| ജി എസ് റ്റി | 25727 |
| ആകെ | 240117 |
| റിടെൻഷൻ കണക്കാക്കിയത് | 5360 |
| ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക | 234757 |
| ഡിഡക്ഷൻസ് (നികുതി വിഹിതങ്ങൾ) | 8576 |
| കരാറുകാരന് നൽകിയ തുക | 226181 |

റിടെൻഷൻ ഉൾപ്പെടെ പിൻവലിക്കാഞ്ഞതിനാൽ ടി തുക നഷ്ടമാകുകയും ടി തുക കരാറുകാരന് തിരികെ നൽകുന്നതിന് അധിക തുക കണ്ടെത്തേണ്ടി വരുകയും ചെയ്യുന്നു. (ചെലവഴിക്കാത്ത മെയിന്റനൻസ് ഫണ്ട് നഷ്ടപ്പെടുന്നതിനാൽ) അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനും മേൽ പ്രോജക്ടിന്റെ ഫൈനൽ ബിൽ

നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(17/10.10.23) മറുപടി ലഭ്യമാക്കിയില്ല. വർക്ക്ബില്ലുകളിൽനിന്നും റിടെൻഷൻതുക കിഴിവുചെയ്യുന്നതിനും ക്രമീകരിക്കുന്നതിനും പൊതുമരാമത്ത് ചട്ടങ്ങൾപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1-42 നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം അംഗീകരിച്ച പി എസി യുടെ 1% പിഴ ഈടാക്കിയും കരാർ ചമക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| ക്രമ നം | പ്രോജക്റ്റ്, പ്രോജക്റ്റ് നമ്പർ കരാറുകാരൻ കരാർനമ്പർ/തീയതി കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച/കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴയോടു കൂടി കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴ 1% നിരക്കിൽ |
|---|---|---|---|---|---|
| 1 | 82/23, ചിറയ്ക്കൽ അമ്പാട്ട് കടവ് റോഡ് കോൺക്രീറ്റിംഗ് സൈജു ജി 10 /AE/LSGD/PKD/ 12.08.22 446357 | 13.5.22 | 27.05.22 | 12.08.22 | 4463 |
| 2 | 60/23 പാറക്കളം മ്ലാന്തടം റോഡ് റീ കോൺക്രീറ്റിംഗ് സൈജു ജി 11 /AE/LSGD/PKD/ 12.08.22 399652 | 04.07.22 | 19.07.22 | 12.08.22 | 3997 |
| | ആകെ | | | | 8460 |

കരാർ വക്കുന്നതിന് കാലതാമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 10/10.10.23 ) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കേണ്ട പിഴ 8460/- രൂപ കരാറിലേർപ്പെടാൻ അനുമതി നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-43 എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പരും തീയതിയും |
|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 650000 | 650000 | 1)165/06.01.23-125000<br>2)168/09.01.23 – 45000<br>3)180/17.01.23 – 115000<br>4) 214/08.02.23 – 220000<br>5)217/10.02.23 – 100000<br>6) 253/24.02.23-25000<br>7) 271 – 25.02.23 – 20000 |

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ട് (നമ്പർ 173/23) പ്രകാരം പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന വന്ദന ബിജു, പുത്തൻപറമ്പിൽ, കൊല്ലാട് (വാർഡ് 4) എന്ന കുട്ടിയ്ക്ക് ബിൽ നം.165/06.01.2023 പ്രകാരം 20000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സിവിൽ സർവ്വീസ് കോച്ചിംഗ് ഒരു ബിരുദ കോഴ്സോ പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗോ അല്ലാത്തതിനാൽ ടി തുക നൽകാവുന്നതല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (20/10.10.2023) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അർഹതയില്ലാതെ നൽകിയ തുക 20000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി പ്രസ്തുത ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. മാർഗ്ഗരേഖപ്രകാരം അർഹതയുള്ളവർക്ക് മാത്രം ആനുകൂല്യം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-44 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തിയാകുവാൻ അവശേഷിക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|
| വികസന ഫണ്ട് (എസ് സി പി)<br>തനത് ഫണ്ട് | 761000<br>239000 | 625000 | 213/07.02.2023-12500<br>247/23.02.2023-30000<br>169/09.01.2023-50000<br>184/21.01.2023-50000<br>200/06.02.2023-50000<br>201/06.02.2023-50000 |
| | 1000000 | 625000 | |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 172/23 പ്രോജക്ട് നമ്പരായി 2022-23 സാമ്പത്തിക വർഷത്തിൽ 5 SC ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 625000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. ആയതിൽ സന്തോഷ്.കെ.ആർ (സിദ്ധാർത്ഥ് എം.എസ്), മറ്റത്തിൽപ്പാറ, വെള്ളൂത്തുരുത്തി (വാർഡ് 10) എന്ന വിദ്യാർഥി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (22/10.10.23) പഠനമുറി പൂർത്തീകരിച്ചിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി പട്ടികയിലെ ബിൽ നമ്പറുകൾ പ്രകാരം 125000/- രൂപ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. പഠനമുറി

പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-45 ആശ്രയ പദ്ധതി - തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ പദ്ധതി (പ്രോജക്ട് നം. 136/23) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 156/30.12.22 പ്രകാരം 4,00,000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ 4216101007043 നമ്പർ കാനറ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. തുകയുടെ വിനിയോഗവിവരം, പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 19/10.10.23 ) പ്രകാരം ലഭ്യമാക്കിയ പാസ് ബുക്കിൽ 31.07.2023 ൽ 478367/- രൂപ അക്കൗണ്ടിൽ ബാലൻസുണ്ട്. വികസനഫണ്ട് തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഈ വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. ഭരണസമിതി അടിയന്തിരമായി ടി വിഷയത്തിൽ ഇടപെടേണ്ടതും തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. തുകയുടെ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ 4,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-46 ഭിന്നശേഷി സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പരും തീയതിയും |
|---|---|---|---|
| വികസനഫണ്ട് | 2000000 | 2000000 | 1)77/29.08.22 – 313600<br>2)76/29.08.22 – 884300<br>3)96/26.09.22 -109100<br>4)152/22.12.22 – 352400<br>5)327/20.03.23 – 160600<br>6) 326/20.03.23 -180000 |
| തനത് ഫണ്ട് | 395000 | 84000 | |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | 300000 | 16-18.12.22-300000 |
| ജില്ല പഞ്ചായത്ത് | 500000 | 278400 | 17/03.01.23-126000<br>21/29.03.23-152400 |
| ആകെ | 3895000 | 2662400 | |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി മേൽ പ്രോജക്ട് (നം. 208/23) പ്രകാരം 2662400/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരുവർഷം പരമാവധി നൽകാവുന്ന തുക 28500 രൂപയാണെന്നിരിക്കെ അതിലും അധികരിച്ച് തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|
| സജിൻ മാത്യു തോമസ് | 43000 | 14500 |
| സാന്ദ്ര സനീഷ് | 34500 | 6000 |
| ജിത്തു ബോബൻ | 34500 | 6000 |

ഇപ്രകാരം അർഹമായതിലും കൂടുതൽ തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (38/12.10.23) ലഭ്യമാക്കിയ മറുപടിയിൽ ജിത്തുബോബൻ എന്നായാളുടെ പക്കൽ നിന്നും തിരികെ ഈടാക്കി അർഹതപ്പെട്ട ഗുണഭോക്താവിന് നൽകിയിട്ടുണ്ടെന്നും മറ്റ് ഗുണഭോക്താക്കൾക്ക് നൽകിയ അധിക തുക വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ തിരികെ ലഭ്യമായ തുക അർഹതപ്പെട്ട ഗുണഭോക്താവിന് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അർഹതയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അധികമായി നൽകിയ തുക വരും വർഷങ്ങളിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-47 ലൈഫ് ഭവന പദ്ധതി ഫേസ് II - റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി ഫേസ് II ഗുണഭോക്താവായ ശ്രീമതി. സുനിത വിനോദ്, പുത്തൻപറമ്പിൽ, ഭവന നിർമ്മാണത്തിനായി 31.08.2018 തീയതിയിൽ 4216108000363നം. ബാങ്ക് അക്കൗണ്ടിൽ 40,000/- രൂപ മുൻകൂർ കൈപ്പറ്റിയിരുന്നതായും എന്നാൽ, നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാൾ കൈപ്പറ്റിയ 40,000/- രൂപ തിരികെ ഈടാക്കുന്നതിന്, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നോട്ടീസ് നൽകുന്നതിന്, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 8(1)/ 07.12.2022നം. തീരുമാനം പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയതായും വ്യക്തമായിട്ടുണ്ട്. തുക തിരികെ ഈടാക്കുന്നതിനായി പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികളുടെ നിജസ്ഥിതി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/12.10.2023) മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിക്കാത്തത് ക്രമപ്രകാരമല്ല. തുക തിരികെ ഈടാക്കുന്നതിനായി പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-48 ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി വിവിധ വർഷങ്ങളിലായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, വിവിധ ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം/ ബാങ്ക് അകൗണ്ട് നം. | കൈപ്പറ്റിയ തുക/തീയതി |
|---|---|---|
| 1) | ജയിംസ്. കെ. ജെ<br>കൊച്ചുഴത്തിൽ (W-XII)<br>പനച്ചിക്കാട്<br>A/c No : 4216101006455 | Inst (1) : 40,000/- (22.12.2021)<br>Inst (2) : 1,00,000/- (16.05.2022)<br>Inst (3) : 60,000/- |

| | | |
|---|---|---|
| | | (02.06.2022)<br>Inst (4) : 1,00,000/-<br>(11.08.2022)<br>ആകെ തുക : 3,00,000/- |
| 2) | വിജീഷ് കുമാർ. പി. വി<br>പുത്തൻപറമ്പിൽ (W-VI)<br>പൂവൻതുരുത്ത്<br>A/c No : 40358561926 | Inst (1) : 40,000/-<br>(09.09.2021)<br>Inst (2) : 1,60,000/-<br>(29.03.2022)<br>Inst (3) : 1,00,000/-<br>(16.06.2022)<br>Inst (4) : 50,000/-<br>(17.11.2022)<br>ആകെ തുക : 3,50,000/- |
| 4) | വത്സമ്മ<br>അമ്പലക്കോട് (IX)<br>കുഴിമറ്റം | Inst (1) : 40,000/-<br>(05.02.2021)<br>Inst (2) : 1,60,000/-<br>(29.06.2022)<br>Inst (3) : 1,00,000/-<br>(15.07.2022)<br>ആകെ തുക : 3,00,000/- |
| 5) | രാധിക<br>പുത്തൻപറമ്പ് ഹരിജൻ കോളനി<br>കടുവാക്കളം | Inst (1) : 40,000/-<br>(05.02.2021)<br>Inst (2) : 1,60,000/-<br>(15.02.2022)<br>Inst (3) : 1,00,000/-<br>(21.07.2022)<br>ആകെ തുക : 3,00,000/ |
| 6) | പ്രേമ. പി. പി<br>പുത്തൻപറമ്പിൽ<br>കടുവാക്കളം | Inst (1) : 40,000/-<br>(05.02.2021)<br>Inst (2) : 1,60,000/-<br>(15.07.2022)<br>Inst (3) : 1,00,000/-<br>(30.07.2022)<br>ആകെ തുക : 3,00,000/ |
| 7) | ബീന സെബാസ്റ്റിയൻ<br>കുട്ടത്തറ (IV) | Inst (1) : 40,000/-<br>(14.09.2021)<br>Inst (2) : 1,60,000/-<br>(16.05.2022)<br>Inst (3) : 60,000/- |

| | | |
|---|---|---|
| | | (02.06.2022)<br>ആകെ തുക : 2,60,000/ |
| 8) | ശ്രീദേവി<br>പുതുവേൽ (X) | Inst (1) : 40,000/-<br>(11.11.2021) |

2020-2021 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡു അനുവദിച്ച് നൽകിയിട്ടുള്ളവർ ഉൾപ്പെടെയുള്ള ടി ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/12.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാത്തതിന്റെ സാഹചര്യം വ്യക്തമല്ല. നിർമ്മാണ പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതും, പൂർത്തീകരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-49 ലൈഫ് ഭവന പദ്ധതി - വായ്പ തുക ചെലവഴിച്ചില്ല

ഗ്രാമ പഞ്ചായത്തിന്റെ പേരിൽ കാനറാ ബാങ്ക് പരുത്തുംപാറ ശാഖയിൽ ലൈഫ് ഭവനപദ്ധതിയ്ക്കായുള്ള വായ്പ ക്രെഡിറ്റ് ചെയ്യുന്നതിനായുള്ള അക്കൗണ്ട് (നം.110044195429) സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള, 31.03.2023 -ലെ നീക്കിയിരിപ്പ് 3,07,377/- രൂപയാണ്. ഓഡിറ്റ് വർഷം, 09.05.22-ൽ 7,80,000/- രൂപയും, 23.05.22-ൽ 1,20,000/- രൂപയും, 17.06.22-ൽ 1,00,000/- രൂപയും ഉൾപ്പെടെ ആകെ, 10,00,000/- രൂപയുടെ KURDFC വായ്പ തുക സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 2,174/- രൂപ പലിശയുൾപ്പെടെ ടി അക്കൗണ്ടിലെ 12.10.2023 -ലെ നീക്കിയിരിപ്പ് (ബാങ്ക് ബുക്ക് രേഖകൾ പ്രകാരം) 3,09,551/- രൂപയാണ്. എന്നാൽ, ഗുണഭോക്താക്കളുടെ എണ്ണത്തിനും, നിർമ്മാണ പ്രവൃത്തികളുടെ സ്റ്റേജ് കംപ്ലീഷനും ആനുപാതികമല്ലാതെ മുൻകൂർ, ലോൺ തുക അകൗണ്ടിൽ നിലനിർത്താനും, തുക ചെലവഴിക്കാതെ തുടരുന്നതിനുമുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (41/12.10.2023) മറുപടി ലഭ്യമായിട്ടില്ല. മുൻകൂർ, ലോൺ തുക അക്കൗണ്ടിൽ നിലനിർത്തുന്നതും, തുക ചെലവഴിക്കാതെ തുടരുന്നതും ക്രമപ്രകാരമല്ല. തുടർവർഷങ്ങളിൽ വായ്പ തുക കൈകാര്യം ചെയ്യുന്നതിൽ വീഴ്ച്ചയുണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, പ്രസ്തുത അപാകത സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദമായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-50 ലൈഫ് (ജനറൽ) ഭവന പദ്ധതി - ചെലവ് രേഖകളിൽ അവ്യക്തത

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - കൊല്ലാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് (ജനറൽ) ഭവന പദ്ധതിയുടെ (പ്രോജക്ട് നം. 170/2023) ഭാഗമായി, ട്രഷറി ബിൽ നം. 18/2022-23 പ്രകാരം 4,00,000/- രൂപയുടെ ബിൽ 18.03.2023 തീയതിയിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും, ടി ബിൽ പാസ്സായതായി ബിൽ ബുക്കിൽ ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ, ടി തുകയുടെ ചെലവ് സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടുണ്ട്. ആയതിനാൽ, ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ UTR വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/12.10.2023) മറുപടി ലഭ്യമായിട്ടില്ല. ചെലവ് രേഖകളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ, വികസന ഫണ്ട് (ജനറൽ) വിഭാഗത്തിലുള്ള 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ UTR വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-51 ലൈഫ് ഭവന പദ്ധതി - അടങ്കൽ /ചെലവ് തുകകളുടെ വിഹിതത്തിലുള്ള അനുപാതം പാലിയ്ക്കപ്പെടുന്നതിൽ വ്യക്തതയില്ല

1) ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷം, LSGD-DB1/752/2018/18.02.2019 നം. സർക്കുലർ പ്രകാരമുള്ള, തുക വകയിരുത്തൽ, ചെലവ് ഇനങ്ങളിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ

വിഹിതം - 80,000/- രൂപ, സംസ്ഥാന വിഹിതം - 1,00,000/- രൂപ, വായ്പ തുക - 2,20,000/- എന്ന അനുപാതം പാലിക്കപ്പെടുന്നുണ്ടോയെന്നതും, പാലിക്കപ്പെടാൻ സാധിയ്ക്കുന്നില്ലെങ്കിൽ, ആയതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/12.10.2023) മറുപടി ലഭ്യമായിട്ടില്ല.

2) പദ്ധതിയുമായി ബന്ധപ്പെട്ട് , ഓഡിറ്റ് വർഷം വിനിയോഗിക്കാൻ കഴിയാതിരുന്ന തുകകളുടെ വിശദാംശം, ഏറ്റവും ഒടുവിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയ വർഷം, ഏത് വർഷം വരെയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി, വർഷാവസാനമുള്ള ബാലൻസ് തുക മാറ്റ പ്രോജക്ടിലൂടെ ലൈഫിലേക്ക് വകയിരുത്തിയിരുന്നോ തുടങ്ങിയവ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/12.10.2023) മറുപടി ലഭ്യമായിട്ടില്ല.

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-52 ചെലവ് തുകകളിൽ നിലനിൽക്കുന്ന വ്യത്യാസം വിശദീകരിയ്ക്കപ്പെട്ടില്ല

1) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - പനച്ചിക്കാട്-നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം (വ്യക്തിഗതം) പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം. 247/2023), കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് 1,32,000/-രൂപയാണ്. എന്നാൽ, പ്രോജക്ട് ഫയൽ പ്രകാരമുള്ള ചെലവ് 72,000/- രൂപയാണ്. ചെലവിനങ്ങളിൽ നിലനിൽക്കുന്ന 60,000/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/13.10.2023) മറുപടി ലഭ്യമായിട്ടില്ല. ചെലവ് തുകകളിൽ നിലനിൽക്കുന്ന വ്യത്യാസം വിശദീകരിയ്ക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, (247/2023) നം. പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ള ആകെ തുകയായ 1,59,200/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് തുകകളിൽ നിലനിൽക്കുന്ന വ്യത്യാസം രേഖാമൂലം വിശദീകരിയ്ക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

2) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - പനച്ചിക്കാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, ഹരിതകർമ്മസേന ശാക്തീകരണം പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം. 20/2023), ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ, സുലേഖ പത്രിക പ്രകാരമുള്ള ചെലവ് 66,000/- രൂപയാണ്. എന്നാൽ, പ്രോജക്ട് ഫയൽ പ്രകാരമുള്ള ചെലവ് 83,420/- രൂപയാണ്. ചെലവിനങ്ങളിൽ നിലനിൽക്കുന്ന 17,420/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/13.10.2023) മറുപടി ലഭ്യമായിട്ടില്ല. ചെലവ് തുകകളിൽ നിലനിൽക്കുന്ന വ്യത്യാസം വിശദീകരിയ്ക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, (20/2023) നം. പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ള ആകെ തുകയായ 66,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് തുകകളിൽ നിലനിൽക്കുന്ന വ്യത്യാസം രേഖാമൂലം വിശദീകരിയ്ക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-53 മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ അപാകതകൾ

I)മെൻസ്ട്രുവൽ കപ്പ് വിതരണം വനിത( 250/22-23)-വിതരണരേഖകൾ ഹാജരാക്കിയില്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മെൻസ്ട്രുവൽ കപ്പ് വിതരണം വനിത (250/22-23) എന്ന പ്രോജക്ടിൽ മേൽ സംവിധാനം ഉപയോഗിക്കുന്നതിനാവശ്യമായ ബോധവത്കരണ പ്രചരണ പരിപാടികൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, സ്റ്റോക്ക് രജിസ്റ്റർ, വിതരണരേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയത് ഹാജരാക്കുന്നതിനായി 11.10.2023-ലെ 36-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക്/ വിതരണരേഖകൾ ഹാജരാക്കേണ്ടതാണ്.

Ii) എഫ്.എച്ച്.സിയിലെ സാന്ത്വന പരിചരണം (11/2022-23) -വാഹനം വാടകയ്ക്ക് എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സിയിലെ സാന്ത്വന പരിചരണ വിഭാഗത്തിന് വേണ്ടി വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. മേൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും എഗ്രിമെന്റ് വച്ചതിന്റെയും രേഖകളും ലഭ്യമാക്കുന്നതിനായി 11.10.2023-ലെ 36-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-54 ക്യാൻ കോട്ടയം സമഗ്ര ക്യാൻസർ നിയന്ത്രണപരിപാടി-മെഡിക്കൽ ഉപകരണങ്ങൾ -വാങ്ങൽ നടപടികളിൽ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 252/23ക്യാൻ കോട്ടയം-സമഗ്രക്യാൻസർ നിയന്ത്രണ പരിപാടി |
| അടങ്കൽ | 1,00,000(വികസന ഫണ്ട് -പൊതുവിഭാഗം-(സാധാ)) |
| ചെലവ് | 49616 |
| ബിൽ നം&തീയതി | (3640)-21/22-23തീ.21.03.23<br>(38636)-14/22-23തീ.28.02.23<br>(7340)-20/22-23തീ.21.03.23 |

മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) നിർവ്വഹണോദ്യോഗസ്ഥനായി സമഗ്ര ക്യാൻസർ നിയന്ത്രണപരിപാടി എന്ന പ്രോജക്ടിനായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 49,616/-രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ഉപകരണങ്ങളിൽ 42276/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് J.K Mehta&sons ,കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 7340/- രൂപയുടെ ഉപകരണങ്ങൾ Associated Distributors, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ്.എന്നാൽ ഇവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 11.10.2023-ലെ 35-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഖ.7.6 അനുസരിച്ച് എസ്റ്റിമേറ്റ് തുക 15,000/-രൂപയ്ക്ക് മുകളിൽ 1,00,000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.എന്നാൽ മേൽ വാങ്ങലിന് ഇത് പാലിച്ചിട്ടില്ല.15,000/-രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും നിർബന്ധമായും ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാത്തതിനാൽ 49616/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-55 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന്പൂർണ്ണമായും ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 131/23 |
| അടങ്കൽ | 1,50,000(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 1,50,000 |
| ബിൽ നം&തീയതി | 1/22-23 തീ.17.01.23 |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ഹോംകോയിൽ നിന്നും ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് 1,50,000/-രൂപ നൽകിയിട്ടുണ്ട്. 18.03.23-ലെ 7313-ാം നമ്പർ രസീത് പ്രകാരം തുക കൈപ്പറ്റിയതിന്റെ രസീത് ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ട്.എന്നാൽ 16587/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.ബാക്കി 1,33,413/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 10.10.23-ലെ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ

പൂർണ്ണമായും ലഭിക്കാത്തതിനാൽ 1,33,413/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-56 ബയോഫ്ലോക്ക് മത്സ്യ കൃഷി-മേൽക്കൂര നിർമ്മാണത്തിന് സബ്സിഡി അധികമായി നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബയോഫ്ലോക്ക് മത്സ്യകൃഷി |
| പ്രോജക്ട് നം. | 88/22-23 |
| അടങ്കൽ | 6,90,000/- |
| ചെലവ് | 161664/- |
| ബിൽ നം&തീയതി | 1/22-23തീ.4/7/22 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ ബയോഫ്ലോക്ക് മത്സ്യകൃഷിയ്ക്ക് സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28/05/2022 പ്രകാരം ജനറൽ വിഭാഗത്തിന് മേൽക്കൂരയ്ക്ക് നൽകാവുന്ന പരമാവധി സബ്സിഡിതുക 5500/-രൂപയാണ്.എന്നാൽ മേൽ പ്രോജക്ടിലെ ഗുണഭോക്താവായ ഷിബു കുര്യൻ എന്ന വ്യക്തിയ്ക്ക് മേൽക്കൂരയ്ക്കായി ചെലവഴിച്ച 16800/-രൂപയുടെ 40% തുകയായ 6720/-രൂപയും നൽകിയിട്ടുണ്ട്. അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട്11/10/2023-ലെ 37-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചതിനേക്കാൾ കൂടുതലായി നൽകിയ1220 രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-57 ആസ്തിസംരക്ഷണപദ്ധതി തയ്യാറാക്കിയില്ല

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക6.8 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. മേൽ ഉത്തരവ് ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

1. അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ. (ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനു വേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതു കൊണ്ടു തന്നെ ഇപ്രകാരമുള്ള ഒരു രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

2.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചതായി കാണുന്നില്ല .

വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 യുപിഎസ് ബാറ്ററി വാങ്ങൽ-ബൈബാക്ക് സംവിധാനം വിനിയോഗിച്ചില്ല-ഗ്രാമപഞ്ചായത്തിന് നഷ്ടം 28500/-രൂപ

| | |
|---|---|
| പ്രൊ.നം | 270/23 |
| അടങ്കൽ | 1,08,900/-(വികസന-പൊതു) |
| ചെലവ് | 1,08,900/-(ബിൽ നം17/25-2-23) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

യുപിഎസ്ബാറ്ററി വാങ്ങൽ പ്രൊജക്റ്റിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഹൈക്കൺ ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം 10 ബാറ്ററികൾക്കായി 1,08,900/-രൂപയും ബൈബാക്ക് വ്യവസ്ഥയിൽ പഴയബാറ്ററിയ്ക്ക് 28500/- രൂപയും ക്വാട്ട് ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ ക്വട്ടേഷൻ

അംഗീകരിച്ച് വാങ്ങൽ നടത്തുകയുണ്ടായി. പഴയബാറ്ററികൾ ഹൈക്കൺ ഇന്ത്യലിമി. കൈപ്പറ്റുകയും ഹൈക്കൺ ഇന്ത്യ ലിമിറ്റഡിന്റെ 16-12-2022 ലെ HIKTM/212/2022-23നമ്പർ കത്ത് പ്രകാരം ഇൻവോയിസ് നം OLG-B/2223005455പ്രകാരമുള്ള ബാറ്ററിയുടെ വിലയിൽ നിന്നും ബൈബാക്ക് വ്യവസ്ഥയിലുള്ള 28500/- രൂപകുറവ് ചെയ്ത് ബാലൻസ് തുകയായി 80,400/- രൂപ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ബൈബാക്ക് തുക കുറവ് ചെയ്യാതെ ബാറ്ററിയുടെ മുഴുവൻ ബിൽതുകയായ 1,08,900/-(ബിൽ നം 17/25-2-23)രൂപയും സ്ഥാപനത്തിന് നൽകുകയുണ്ടായി. അധികമായി 28500/-രൂപ സ്ഥാപനത്തിന് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.44/12.10.2023)മറുപടിയായി സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ 28500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കാത്തപക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പരും തീയതിയും |
|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 650000 | 650000 | 1)165/06.01.23-125000<br>2)168/09.01.23 – 45000<br>3)180/17.01.23 – 115000<br>4) 214/08.02.23 – 220000<br>5)217/10.02.23 – 100000<br>6) 253/24.02.23- 25000<br>7) 271 – 25.02.23 – 20000 |

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ട് (നമ്പർ 173/23) പ്രകാരം പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിയ്ക്കുന്ന വന്ദന ബിജു, പുത്തൻപറമ്പിൽ, കൊല്ലാട് (വാർഡ് 4) എന്ന കുട്ടിയ്ക്ക് ബിൽ നം.165/06.01.2023 പ്രകാരം 20000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സിവിൽ സർവ്വീസ് കോച്ചിംഗ് ഒരു ബിരുദ കോഴ്സോ പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗോ അല്ലാത്തതിനാൽ ടി തുക നൽകാവുന്നതല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (20/10.10.23) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അർഹതയില്ലാതെ നൽകിയ തുക 20000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി പ്രസ്തുത ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. മാർഗ്ഗരേഖപ്രകാരം അർഹതയുള്ളവർക്ക് മാത്രം ആനുകൂല്യം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ്

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 12% ത്തിൽ നിന്ന് 18% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കുലർ ഖണ്ഡിക 1 പ്രകാരം 18.07.2022 ന മുൻപ് പൂർത്തീകരിച്ച പ്രവൃത്തികളുടെ ജി എസ് റ്റി 12% മാണെന്നും 18-7-2022 ന് ശേഷം ഫൈനൽ ബിൽ

തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് അധിക ശതമാനം നിരക്കിൽ ജി എസ് റ്റി 18% അനുവദിക്കാവുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 18.07.2022 ന ശേഷം പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പം വർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരിച്ചതുമായ താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി നല്കിയതിനാൽ പഞ്ചായത്തിനുണ്ടായ അധികച്ചലവ് ചുവടെ ചേർക്കുന്നു. 18.07.2022 ന് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം തയ്യാറാക്കാഞ്ഞതിനാലാണ് ജി എസ് റ്റി അധികനിരക്കിൽ അനുവദിക്കേണ്ടിവന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| പ്രോജക്റ്റ് നം, പേര് | കരാറു കാരൻ | ആകെ വേല മൂല്യം | പ്രവൃത്തി പൂർത്തിയാക്കിയ തീയതി, അളവ് പുസ്തകം | നൽകാവുന്ന ജി എസ് റ്റി കോമ്പൻസേഷന്(12% നിരക്കിൽ) | നൽകിയത് (12% നിരക്കില്) | അധികം | ചെലവ് തുക, ഫണ്ട് | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 197/23, പാത്താമുട്ടം എൽ പി എസ് മെയിന്റനൻസ് | സി ഏബ്രഹാം | 405502 | 11/07/22,2/22-23 | 48660 | 72991 | 24331 | 478493 ,മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 72/ 26.08.2022 |
| 68/23കുമ്മാകുഴി പാറപ്പെട്ടി റോഡ് കോൺക്രീറ്റിംഗ് | സി ഏബ്രഹാം | 406783 | 28/04/22,67/21-22 | 48814 | 73221 | 24407 | 480004, വികസന ഫണ്ട് പൊതു വിഭാഗം | 73/ 26.08.22 |
| 85/23 പാത്താമുട്ടം യു പി സ്കൂൾ മെയിന്റനൻസ് | സുനിൽ കുമാർ എസ് | 788643 | 2/7/22, 01/2022-23 | 94637 | 141956 | 47319 | 930599, മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 87/ 15.09.22 |
| 54/23 NSM CMS LP സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | സൈജു ജി | 216809 | 15/12/21,37/21-22,38/21-22 | 26018 | 39026 | 13008 | 255835, വികസന ഫണ്ട് പൊതു വിഭാഗം | 70/23 .08.22 |
| ആകെ | | | | | | 109065 | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(23/10.10.23) ന് മറുപടി ലഭ്യമാക്കിയില്ല. യഥാസമയം ബില്ലുകൾ തയ്യാറാക്കാത്തതിനാൽ ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത്

ഫണ്ടിന് അധിക ചെലവുണ്ടായി. അധികം നൽകിയ 109065/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 29.07.2023 | 07.10.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം, സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 2022-23 | 77,702/- | ലൈഫ് ഭവന പദ്ധതി ജനറൽ (170/23) | 77,702/- |
| | | 3,00,000/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വാർഷിക ബത്ത, യാത്ര ബത്ത തുടങ്ങിയവ... (208/23) | 3,00,000/- |
| | | 6,40,000/- | ലൈഫ് ഭവന പദ്ധതി SCSP (187/23) | 6,40,000/- |
| | | 7,42,167/- | ലൈഫ് ഭവന പദ്ധതി ST (171/23) | 7,42,167/- |
| ആകെ | | 17,59,869/- | ആകെ | 17,59,869/- |
| | | | | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2022-23 | 2,78,400/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വാർഷിക ബത്ത, യാത്ര ബത്ത തുടങ്ങിയവ... | 2,78,400/- |

| | | | | |
|---|---|---|---|---|
| | | | (208/23) | |
| ആകെ | | 2,78,400/- | ആകെ | 2,78,400/- |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം, വിവിധ എജൻസികളിലുള്ള നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി തുക ചെലവഴിച്ചിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം, മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | ആകെ | തൻവർഷം തിരിച്ചടവ് | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFCലോൺ (വാർഷിക കണക്ക് പ്രകാരം) | 90,25,476/- | 10,00,000/- | 1,00,25,476/- | *24,54,947/- | - | 75,70,529/- |

*Source Deduction

Dev. Fund General : 8,93,202/- (Proj. No : 297/2023)

Dev. Fund General : 8,93,203/- (Proj. No : 309/2023)

Dev. Fund SCSP : 3,13,346/- (Proj. No : 310/2023)

Dev. Fund SCSP : 3,13,347/- (Proj. No : 298/2023)

Dev. Fund TSP : 20,924/- (Proj. No : 311/2023)

Dev. Fund TSP : 20,925/- (Proj. No : 299/2023)

4-6 സ്ഥിരനിക്ഷേപങ്ങൾ

31.03.2023 -ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം, ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക ലഭ്യമായിട്ടില്ല. റിക്കവറി ഇനത്തിൽ സ്വീകരിക്കുന്ന തുകകളുടെ വിവരങ്ങൾ, ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം., ഈടാക്കിയ തുക, അടവാക്കിയ വ്യക്തിയുടെ പേരും, ഉദ്യോഗപ്പേരും, വിലാസവും, റിക്കവറി ഇനം, രസീത് നം., തീയതി തുടങ്ങിയവ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതും, ആയത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (സെക്രട്ടറി) സാക്ഷ്യപ്പെടുത്തി അധികൃതമാക്കേണ്ടതുമാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലനിൽക്കുന്നില്ല.

4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്ജ് – സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 121434158/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 75660128/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 103455980/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 81102753/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 157565/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3169907/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-32 (3-1) | - | 28500/- | ശ്രീ.പ്രദീപ് പി ജി, സെക്രട്ടറി |
| 1-43 (3-2) | - | 20000 | ശ്രീ.ബിന്ദുമോൻ വി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-40 (3-3) | | 109065 | സൗമ്യ റോസ്‌ലിൻ ജോളി അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | 157565/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 31367/- | ശ്രീ.പ്രദീപ് പി ജി, സെക്രട്ടറി |
| 1-33 | 400000/- | ശ്രീ.പ്രദീപ് പി ജി, സെക്രട്ടറി |
| 1-34 | 1530311/- | ശ്രീ.പ്രദീപ് പി ജി, സെക്രട്ടറി |
| 1-45 | 400000/- | ശ്രീ.ബിന്ദുമോൻ വി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-50 | 400000/- | ശ്രീമതി സന്ധമകുമാരി ടി എസ്, വിഇഒ |
| 1-52(1) | 159200/- | ശ്രീമതി സന്ധമകുമാരി ടി എസ്, |

| | | |
|---|---|---|
| | | വിഇഒ |
| 1-52(2) | 66000/- | ശ്രീമതി സനമകുമാരി ടി എസ്, വിഇഒ |
| 1-54 | 49616/- | ഡോ.അനഷ് എസ്, മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 1-55 | 133413/- | ഡോ.ജോബി ജെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 3169907/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ് പി ജി സെക്രട്ടറി | സെക്രട്ടറി മീനടം ഗ്രാമപഞ്ചായത്ത്, മീനടം പി ഒ, കോട്ടയം | പുതുവീട്ടിൽ മൂലവട്ടം പി ഒ കോട്ടയം |
| ശ്രീ.ബിന്ദുമോൻ വി ആർ | അസിസ്റ്റന്റ് സെക്രട്ടറി പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, പനച്ചിക്കാട് പി ഒ, കോട്ടയം | വേണാട്ടുശ്ശേരിൽ കാരാപ്പുഴ കോട്ടയം |
| ശ്രീമതി സൗമ്യ റോസ്‌ലിൻ ജോളി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | കോലടി ഹൗസ് ചേർപ്പുങ്കൽ പി ഒ പാലാ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി11/692 /അദാ./14/ 28.11.14 | 5 |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.കെ.പി6/1292/ 07/21.1.08 | |
| 2000-01,01-02(പ്ലാൻ) | എൽ.എഫ്.കെ.പി11/421/ 10/19.6.12 | |
| 2001-02 | എൽ.എഫ്.കെ.പി11/692/ 14/13.3.15 | 4 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6/774 /08/30.3.10 | |
| 2006-07 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/751(6)/22 /25.08.2022 | 6 |
| 2008-09 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/751(8)/22 /25.08.2022 | 2 |
| 2009-10 & 2010-11 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/751(9)/22 /25.08.2022 | 3 |
| 2011-12 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/751(10)/22 /25.08.2022 | 11 |
| 2012-13 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/751(11)/22 /25.08.2022 | 6 |
| 2013-14 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/985(1)/22 /25.08.2022 | 4 |
| 2014-15 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/985(2)/22 /25.08.2022 | 10 |
| 2015-16 | കെ.എസ്.എ.- കെ.ടി.എം.പി12/അദാ- 22/985(3)/22 /25.08.2022 | 16 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി.12/701/ 18/24.3.18 | 11 |
| 2017-18 | കെ.എസ്.എ- കെ.ടി.എം.പി.12/302/ 2019/02.07.20 | 24 |
| 2018-19 | കെ.എസ്.എ- കെ.ടി.എം.പി.12-1400/2019 /08.07.20 | 20 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.12-1382/2021/09.06.22 | 20 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.12-1383/2021/10.06.22 | 27 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.12-2185/2022/22.11.22 | 41 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം – കോട്ടയം

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 25-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panachikadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panachikadu Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Panachikadu Grama Panchayat for the Year 2022-2023.

**1.Major Observations**

1.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

2.Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.

3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

**2.Other Observations**

1. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.

2.Depreciation calculation sheet not provided.

3.Government and other dues register not maintained.

4. Amount given for part bill payment not accounted in Capital Work in Progress schedule.The register showing the details of Capital Work in Progress is not kept.

5.Details of the balance amount under the head Beneficiery contribution of B-4 shedule are not provided.

6.Redumption from government received during 2022-23 accounted in wrong account head.

7.Loan register does not match with AFS.

8.MGNREGS cash book differs with AFS.
9.The correctness of the amount recorded as Liability in respect of stale cheque is not clear.

10.The accuracy of the amount accounted in bank reconciliation statement -ie Directly debited by bank is not clear.

11.CFC- Basic Tax Grant and CFC- Basic Tied Fund are not compatible with ACR.

12.Social Security Pensions are not included in the AFS.

13.Details of amounts adjusted as prior period expenses are not available.

14.DCB of all reciepts not match with AFS.

15.Basic registers (Advance and deposit registers) are not properly maintained.

16.Festival advance recovered from employees wrongly accounted as liability under the head âVillage Panchayat Share for Joint Venture Projectâ.

17. Reconcilation statement of Health Grant is not accurate.

Deputy Director
District Audit Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്